ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഡിസംബർ 7 | ദീപം 56 | നാളം 39 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



# സമാധാനത്തിന്റെ തളിരിലകൾ

## ഇസ്രയേൽ – ഹമാസ് വെടിനിർത്തൽകരാറിൽ കണ്ണുംനട്ട് ലോകരാജ്യങ്ങൾ



തോമസ് കുഴിഞ്ഞാലിൽ

ഒന്നരമാസത്തിലധികമായി സംഘർഷം നിറഞ്ഞുനിന്ന പശ്ചിമേഷ്യയിൽനിന്ന് ആശ്വാസവാർത്തകൾ വന്നുകൊണ്ടിരിക്കുന്നു.

അടുത്ത ഒരു ലോകയുദ്ധമായി മാറിയേക്കാമെന്നു ഭയപ്പെട്ട ഇസ്രയേൽ - ഹമാസ് യുദ്ധം, ആഴ്ചകൾ നീണ്ടുനിന്ന മാരത്തോൺ ചർച്ചകൾക്കൊടുവിൽ ഇരുപക്ഷവും നാലു ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചതാണ് ആശ്വാസമായത്.

ഗൾഫുരാജ്യമായ ഖത്തറിന്റെ മധ്യസ്ഥതയും ഈജിപ്തിന്റെയും യു എസിന്റെയും സമയോചിതമായ ഇടപെടലുകളും അല്പം വൈകിയാണെങ്കിലും ഫലം കണ്ടു. 49 ദിവസംകൊണ്ടു പതിനയ്യായിരത്തോളം പേരുടെ ജീവനെടുത്ത യുദ്ധത്തിനു താത്കാലികവിരാമം പ്രഖ്യാപിച്ചു രണ്ടു കൂട്ടരും വെടിനിർത്തൽ കരാറിൽ ഒപ്പിട്ടു. വെടിനിർത്തൽ തുടങ്ങി നാലു ദിവസത്തിനുള്ളിൽ ഹമാസ് മോചിപ്പിക്കുന്ന 50 ബന്ദികൾക്കുപകരം ഇസ്രയേൽ ജയിലുകളിൽ കഴിയുന്ന സ്ത്രീകളും കുട്ടികളുമടങ്ങുന്ന 150 തടവുകാരെ ഇസ്രയേലും വിട്ടയയ്ക്കുമെന്നാണു കരാറിലെ പ്രധാന വ്യവസ്ഥ. അതിൻപ്രകാരം, ബന്ദികളിലെയും പലസ്തീൻ തടവുകാരിലെയും ആദ്യസംഘത്തെ കഴിഞ്ഞ വെള്ളിയാഴ്ച കൈമാറി. റെഡ്ക്രോസ് വഴിയായിരുന്നു 24 ബന്ദികളുടെ കൈമാറ്റം. ഇവരിൽ സ്ത്രീകളും കുട്ടികളുമടക്കം 13 ഇസ്രയേലുകാർക്കുപുറമേ 10 തയ്‌ലൻഡുകാരും ഒരു ഫിലിപ്പീൻ പൗരനും ഉൾപ്പെടുന്നു. 24 സ്ത്രീകളും 15 കുട്ടികളുമടങ്ങുന്ന 39 പലസ്തീൻതടവുകാരെയാണ് ഇസ്രയേൽ മോചിപ്പിച്ചത്. ഒരു ദിവസം പത്തു പേരിൽ കൂടുതൽ ബന്ദികളെ വിട്ടയച്ചാൽ വെടിനിർത്തൽ കൂടുതൽ ദിവസങ്ങളിലേക്കു നീട്ടാമെന്ന ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ വാഗ്ദാനത്തോടു ഹമാസ്നേതൃത്വം ഇതുവരെ പ്രതികരിച്ചിട്ടില്ല. ഒക്ടോബർ 7 ലെ കടന്നാക്രമണത്തിൽ സൈനികരടക്കം 229 പേരെയാണ് ഹമാസ്ഭീകരർ ഇസ്രയേലിൽനിന്നു തട്ടിക്കൊണ്ടുപോയി ഗാസയിലെ ഒളിസങ്കേതങ്ങളിൽ ബന്ദികളാക്കിയത്.

നവംബർ 23-ാം തീയതി വ്യാഴാഴ്ച രാവിലെ 7 മണിമുതൽ വെടിനിർത്തൽ പ്രാബല്യത്തിൽ വരുമെന്നു പറഞ്ഞിരുന്നെങ്കിലും ഏതൊക്കെ ബന്ദികളെയാണു വിട്ടയയ്ക്കുന്നതെന്നു തീരുമാനിക്കാൻ കാലതാമസമുണ്ടായതിനാലാണ് കൈമാറ്റം ഒരു ദിവസംകൂടി വൈകിയത്. റെഡ്ക്രോസിനു ഗാസയിൽ പ്രവേശനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തർക്കവും വെടിനിർത്തൽ വൈകാൻ കാരണമായി.

'പ്രത്യാശയുടെ നുറുങ്ങുവെട്ടം' എന്നാണ് ഇസ്രയേൽ-ഹമാസ് വെടിനിർത്തൽ കരാറിനെ ഖത്തർ വിദേശകാര്യമന്ത്രാലയം വിശേഷിപ്പിച്ചത്. ഹമാസിന്റെ മുഖ്യസാമ്പത്തികസ്രോതസ്സ് ഖത്തറായതിനാൽ ഹമാസ് നേതൃത്വത്തിനുമേൽ ഖത്തർ ഭരണാധികാരികൾക്കു നിർണായകസ്വാധീനമുണ്ട്. ഹമാസിന്റെ ചെയർമാൻ ഇസ്മയിൽ ഹനിയ്യ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കളിൽ പലരും ഖത്തർ തലസ്ഥാനമായ ദോഹയിലാണു സ്ഥിരതാമസം. ദുരിതാശ്വാസക്യാമ്പുകളിൽ അവശ്യവസ്തുക്കളെത്തിക്കുന്ന 200 ട്രക്കുകളും നാല് ഇന്ധനട്രക്കുകളും ദിവസേന ഗാസയിലെത്തിക്കാനും ധാരണയുണ്ട്.

### പ്രശ്നപരിഹാരം എളുപ്പമാകില്ല

രണ്ടു കൂട്ടരുടെയും ഇടയിലുള്ള കാതലായ പ്രശ്നങ്ങൾക്കു താത്കാലികവെടിനിറുത്തൽ പരിഹാരമാകില്ലെന്ന് ഇരുപക്ഷത്തുനിന്നും പുറത്തുവരുന്ന പ്രസ്താവനകളിൽനിന്നു വ്യക്തമാകും. നാലു ദിവസം കഴിയുമ്പോൾ ഹമാസിനെതിരെയുള്ള ആക്രമണം തുടരുമെന്നാണു നെതന്യാഹുവിന്റെ ഭീഷണി. പത്തു ദിവസംമുമ്പ് യാഥാർഥ്യമാകേണ്ടിയിരുന്ന വെടിനിർത്തലാണ് നെതന്യാഹുവിന്റെ കടുംപിടിത്തംമൂലം വൈകിയതെന്ന് ഹമാസ് വക്താവ് ഉസാമ ഹംദാൻ അഭിപ്രായപ്പെട്ടു. വെടിനിർത്തൽ പ്രഖ്യാപനത്തിനു മണിക്കൂറുകൾമാത്രം ബാക്കിനിൽക്കേ മുന്നൂറോളം ഹമാസ് കേന്ദ്രങ്ങളിലാണ് ഇസ്രയേൽസൈന്യം ആക്രമണം നടത്തിയത്. യുദ്ധം തുടങ്ങിയശേഷം 10,000 ബോംബുകളും മിസൈലുകളും ഗാസയിൽ വർഷിച്ചതായാണ് ഇസ്രയേൽ വെളിപ്പെടുത്തിയത്. ഹമാസ് എന്ന ഭീകരസംഘടനയെ പൂർണമായും ഇല്ലാതാക്കുന്നതുവരെ യുദ്ധം തുടരുമെന്ന് നെതന്യാഹു പ്രഖ്യാപിച്ചിരുന്നു. വടക്കൻ ഗാസയിലെയും ഗാസാനഗരത്തിലെയും പകുതിയിലധികം വീടുകളും പാർപ്പിടസമുച്ചയങ്ങളും തകർന്നുകിടക്കുകയാണ്. കാണാതായ ഏഴായിരത്തിലധികം പേരും കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ അമർന്നു മരണപ്പെട്ടിട്ടുണ്ടാകാമെന്നും കരുതുന്നുണ്ട്.

▶8

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

**2023 ഡിസംബർ 1 വെള്ളി മുതൽ 8 വെള്ളി വരെ**

## ജൂബിലിത്തിരുനാൾ പാലായ്ക്കു പുണ്യദിനം

ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കുരിശുപള്ളിയിൽ പരിശുദ്ധ അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ. ഡിസംബർ 8 – പ്രധാന തിരുനാൾ. പാലാക്കാർ മുഴുവനും മാതാവിന്റെ മുമ്പിൽ ഒത്തുചേരുന്ന പുണ്യദിനം! അമ്മയുടെ അനുഗ്രഹകരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയനിർവൃതിയുടെ നിമിഷങ്ങളാണ്.

തങ്ങളുടെ സംരക്ഷികയായ അമ്മയുടെ മുമ്പിൽ കൂപ്പുകൈകളോടെ പ്രാർഥനാനിരതരായി നില്ക്കുന്ന പതിനായിരങ്ങൾ. ജൂബിലിത്തിരുനാൾ പാലായുടെ ദേശീയോത്സവംപോലെ അത്യാഢംബരപൂർവ്വം നടത്താൻ പാലാക്കാർ യാതൊരു മടിയും കാണിച്ചിരുന്നില്ല. ഇപ്പോഴും കാണിക്കുന്നുമില്ല. കുരിശുപള്ളിക്കു മുമ്പിൽ മനോഹരമായ പുഷ്പങ്ങൾ നിർമ്മിച്ചും നഗരം മുഴുവൻ കൊടിതോരണങ്ങൾ കെട്ടിയും അലങ്കരിക്കുന്നു. നയനാനന്ദകരമായ വൈദ്യുതദീപാലങ്കാരങ്ങൾകൊണ്ട് കുരിശുപള്ളിയും നഗരവീഥിയും വീഥിയുടെ ഇരുവശങ്ങളിലുമുള്ള കടകളും പ്രകാശമാനമാക്കുന്നു. ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും മണിക്കൂറുകൾ നീളുന്ന നഗരപ്രദക്ഷിണവും ജപമാലപ്രദക്ഷിണവുമെല്ലാം ഈ തിരുനാളിനു മാറ്റുകൂട്ടുന്നു. നാടകമേള, സാംസ്കാരികഘോഷയാത്ര, ടൂവീലർ ഫാൻസിഡ്രസ് മത്സരം, ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ടാബ്ലോ മത്സരം, തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. തിരുനാൾ ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും കുരിശുപള്ളിയിൽ വിശുദ്ധകുർബാനയും ലദീഞ്ഞുമുണ്ട്. പ്രധാന തിരുനാൾ



ദിനമായ 8 ന് ഉച്ചയോടെയാണ് സാംസ്കാരികഘോഷയാത്ര. 50 ൽപരം കലാരൂപങ്ങൾ ഘോഷയാത്രയിൽ അണിചേരും. ഇതിനോടൊപ്പമായിരിക്കും ഇത്തവണ ഫാൻസിഡ്രസ്, ടാബ്ലോ മത്സരങ്ങൾ. തിരുനാളിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ സി.വൈ.എം.എൽ. സംഘടിപ്പിക്കുന്ന നാടകമേളയും അരങ്ങേറും. 8 ന് രാവിലെ പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനികളുടെ മരിയൻ റാലി പാലാ നഗരത്തെ ഭക്തിസാന്ദ്രമാക്കും.

സ്വർഗവാതിലോളമെത്തിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. അമലോദ്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ, അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും. പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻപള്ളി എന്നീ മൂന്ന് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിക്കുന്നത്.

ഡിസംബർ 8 ജൂബിലിത്തിരുനാൾദിവസം കുരിശുപള്ളിക്കപ്പേളയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ നാട്ടിലും മറുനാട്ടിലുമുള്ള നാനാജാതി മതസ്ഥർ എത്തിച്ചേരുന്നു. മാതാവിന്റെ അനുഗ്രഹം വാങ്ങി സംതൃപ്തിയോടെ അവർ മടങ്ങിപ്പോകുന്നു.

–ജോയി മുത്തോലി

### പ്രധാന തിരുനാൾ ഡിസംബർ 8

| | |
|---|---|
| 6.30 am | വിശുദ്ധകുർബാന സന്ദേശം, ലദീഞ്ഞ് |
| 8.00 am | മരിയൻ റാലി |
| 10.00 am | ആഘോഷമായ വി. കുർബാന, സന്ദേശം മാർ ജോസഫ് കല്ലറങ്ങാട്ട് |
| 11.45 am | ജൂബിലി സാംസ്കാരികഘോഷയാത്ര |
| 12.45 pm | ടൂവീലർ ഫാൻസിഡ്രസ് മത്സരം, |
| 1.30 pm | ബൈബിൾ ടാബ്ലോ മത്സരം |
| 4.00 pm | ആഘോഷമായ തിരുനാൾ പ്രദക്ഷിണം |
| 8.45 pm | വിശുദ്ധകുർബാനയുടെ ആശീർവാദം സമ്മാനദാനം |


തിരുനാൾ ആശംസകൾ!



ഗ്രാന്റ് ഫുട്‌വെയർ
കോമളം ഷോപ്പിംഗ് കോംപ്ലക്സ്, എസ്ബിഐയ്ക്കു സമീപം
മെയിൻ റോഡ്, പാലാ
Mob: 9526666257, 9446195567



ജൂബിലിത്തിരുനാൾ ആശംസകൾ
Email: palatimbers@gmail.com
www.palatimbers.com
Pala TIMBERS
Since 1969



Dealers in all kinds of Imported and Indian Woods
WHOLESALE & RETAIL
Market Jn., Ramapuram Road, PALA
Mob: 9447292736

ജൂബിലിത്തിരുനാൾ ആശംസകൾ!
GRAND OFFER
10% to 20 %
i test optics



Opp. Cherupushpam Hospital
Thodupuzha Road, PALA
Ph: 9188282526, 9188292526
ഞങ്ങളുടെ സവിശേഷതകൾ
• കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന • ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയിമുകളും ലെൻസുകളും മിതമായ നിരക്കിൽ • രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം • വിശാലമായ പാർക്കിംഗ് സൗകര്യം.

SINCERE BOOKS
GIFTS & STATIONERY
നവീകരിച്ച A/C ഷോറൂം ടൗൺ ഹാളിന്റെ മധ്യഭാഗത്ത്
ഓരോ പർച്ചെയ്സിനും ഉറപ്പായ സമ്മാനം
TOWN HALL BUILDING, PALA. PH: 04822-211157, 9447231238
GOVT.BOOKS NCERT TEXTS PAPER DIARIES NOTE BOOKS FILES TOYS
OFFICE STATIONERY GUIDE CALCULATOR SCHOOL / COLLEGE TEXTS
ENGLISH MALAYALAM NOVELS, STORY BOOKS etc...
WHOLESALE & RETAIL

# അവരവരുടെ സുരക്ഷയ്ക്ക് ആരാണ് ഉത്തരവാദികൾ?



ദിനു ദിലീപ്

നമ്മുടെ സുരക്ഷ മറ്റൊരാളുടെ ഉത്തരവാദിത്വമല്ല. സ്വയം സംരക്ഷിക്കാൻ കൂട്ടാക്കാത്ത പൗരനെയോ സഞ്ചാരിയെയോ സംരക്ഷിക്കുന്നത് അതതു മേഖല നടത്തിപ്പുകാരുടെയോ സുരക്ഷാ ഉദ്യോഗസ്ഥരുടെയോ ഗവൺമെന്റിന്റെയോ ജോലിമാത്രമാകുന്നത് എന്തുകൊണ്ട്? സുരക്ഷയെന്നത് ഒരു കൂട്ടുത്തരവാദിത്വമാണ്. അത് ആരുടെയും മേഖലയല്ല. ജോലിസ്ഥലമായാലും വിനോദസഞ്ചാരമായാലും പൊതുഗതാഗതമായാലും ഓരോ വ്യക്തിയും സ്വന്തം സുരക്ഷയ്ക്കും ചുറ്റുമുള്ളവരുടെ സുരക്ഷയ്ക്കും ആത്യന്തികമായി സ്വന്തം സന്തോഷത്തിനും ഉത്തരവാദികളാണ്.



സന്തോഷത്തിനു സുരക്ഷാതിരഞ്ഞെടുപ്പുമായി നേരിട്ടു ബന്ധമുണ്ട്. ഒരു വ്യക്തിയുടെയോ കുടുംബത്തിന്റെയോ മാത്രമല്ല, ഒരു സമൂഹത്തിന്റെ മൊത്തം സന്തോഷം കളയാൻ നിസ്സാരമായ സുരക്ഷാവീഴ്ചമൂലം സാധിക്കും. നിങ്ങളുടെ മുന്നിലുള്ള സാഹചര്യം സുരക്ഷിതമാണോ അല്ലയോ എന്നു തിരിച്ചറിയുന്ന തിരഞ്ഞെടുപ്പാണു യഥാർഥത്തിലുള്ള സുരക്ഷ. പിന്നീടുമാത്രമേ സംവിധാനത്തിന്റെ മറ്റുള്ള പാകപ്പിഴകൾക്കു സ്ഥാനമുള്ളൂ.

വേണ്ടത്ര സുരക്ഷാമാനദണ്ഡങ്ങൾ ഉണ്ടെങ്കിലും, തങ്ങളെ സുരക്ഷിതരാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിഞ്ഞിരിക്കുകയും അതിൽ സ്ഥിരമായ ശ്രദ്ധ നിലനിർത്തുകയും ചെയ്യുന്നില്ലെങ്കിൽ ഗുരുതരമായ അപകടങ്ങളും അപകടകരമായ സംഭവങ്ങളും എവിടെയും എപ്പോൾ വേണമെങ്കിലും സംഭവിക്കാമെന്ന ബോധ്യവും ഉണ്ടായിരിക്കണം. സുരക്ഷാകാര്യങ്ങളിൽ കൂടുതൽ മാറ്റമുണ്ടാക്കാൻ നമ്മളോരോരുത്തരും നമ്മുടെ സുരക്ഷയ്ക്കൊപ്പം മറ്റുള്ളവരുടെ സുരക്ഷയുടെ ഉത്തരവാദിത്വവുംകൂടി ഏറ്റെടുക്കണം. കാരണം, ഒരാളുടെ തെറ്റായ തീരുമാനമോ അല്ലെങ്കിൽ ചലനംപോലുമോ ആകാശ - ജലയാനങ്ങളിൽ അവർക്കും മറ്റുള്ളവർക്കും അപകടം സൃഷ്ടിക്കാം. അത്തരം അവസ്ഥകളിൽ പ്രധാന സുരക്ഷാപ്രക്രിയകൾക്കു മനുഷ്യമനസ്സുകളുടെ സമന്വയം ആവശ്യമാണ്. സുരക്ഷിതത്വത്തിനായുള്ള വ്യക്തിപരമായ ഉത്തരവാദിത്വമെന്നതു പ്രാധാനമായും അവരവർ സുരക്ഷിതമായി പ്രവർത്തിക്കുകയും നമ്മുടെ സഹവർത്തകരുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും സുരക്ഷയെ കരുതുകയും ചെയ്യുകയെന്നതാണ്.

ഏതൊരു അപകടവും അവിചാരിതമോ അശ്രദ്ധമൂലമോ ആകാം. മുൻകരുതലോടെ, സംഭവിക്കാവുന്ന അപകടം മുന്നിൽക്കണ്ടുള്ള ഡിഫെൻസീവ് മെതേഡ് നിങ്ങളെയും മറ്റുള്ളവരെയും സുരക്ഷിതമാക്കും. ഡ്രൈവിങ് വേളയിൽ, യാത്രാവേളകളിൽ, ഉത്സവപ്പറമ്പുകളിൽ, മാളുകളിൽ, അമ്യൂസ്മെന്റ് പാർക്കുകളിൽ തുടങ്ങി ഏതൊരു പുതിയ സാഹചര്യത്തിലും ഇത്തരത്തിൽ ചിന്തിക്കുക. വിദൂരസാധ്യതയുള്ള അപകടങ്ങൾപോലും തിരിച്ചറിയാനും പ്രതിരോധിക്കാനും പരിശീലിക്കുക.

സ്വകാര്യസുരക്ഷയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നതിനർഥം നിങ്ങൾ സുരക്ഷാനടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയെന്നാണ്. പൊതുവിടം സുരക്ഷിതമായി സൂക്ഷിക്കാൻ സ്വയം ശ്രദ്ധിച്ചാൽ അത് എല്ലാവർക്കും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കും. ഉത്തരവാദിത്വം അശ്രദ്ധയെ തടയുന്നു. തന്മൂലം അപകടങ്ങളെ പരിമിതപ്പെടുത്തും.

കൂടാതെ, അടിയന്തരസാഹചര്യങ്ങളിൽ എങ്ങനെ പ്രവർത്തിക്കണം, ആരെ അനുസരിക്കണം, ശ്രദ്ധിക്കണം, ഏതൊക്കെ സൂചനകൾ ശ്രദ്ധിക്കണം, എവിടെനിന്നു സഹായം തേടണം എന്നൊക്കെ അറിഞ്ഞിരിക്കണം. തീപ്പിടിത്തം, വെള്ളപ്പൊക്കം, ഭൂകമ്പം, ചുഴലിക്കാറ്റ്, പേമാരി, സുനാമി, ലഹള, രാസമാലിന്യദുരന്തം, മണ്ണിടിച്ചിൽ, ജോലിസ്ഥലത്തോ ഭവനങ്ങളിലോ ഉണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണമെന്നതുൾപ്പെടെയുള്ള എമർജൻസി പ്രോട്ടോക്കോളുകൾ സ്കൂളുകളിൽ പഠിപ്പിക്കുകയെന്നത് അടിയന്തരപരിഗണന നൽകേണ്ട വിഷയമാണ്.

ഒരു മാളിൽ പോയാൽ, പത്തിൽ കൂടുതൽ നിലകളുള്ള കെട്ടിടത്തിൽ പോയാൽ അതിലെ എമർജൻസി എക്സിറ്റ് ശ്രദ്ധിക്കുന്നവർ എത്രപേർ കാണും? വിമാനത്തിൽ എയർഹോസ്റ്റസ്/പൈലറ്റ് തരുന്ന സുരക്ഷാസൂചനകൾ ശ്രദ്ധിക്കുന്ന, അത് ഉണ്ടോ എന്നു പരിശോധിക്കുന്ന എത്ര യാത്രക്കാർ കാണും? അപകടമുണ്ടായാൽ മുന്നേ ഓടുന്നവന്റെ പിന്നാലെ എന്ന പ്രോട്ടോക്കോൾമാത്രം എല്ലാവർക്കും അറിയാം. അവർ ഓടുന്നത് പടുകുഴിയിലേക്കാണെങ്കിൽ പിന്നാലെ വരുന്നവരും അതിലേക്കുതന്നെ. അവിടെയാണ് അപകടം തിരിച്ചറിഞ്ഞു പെരുമാറാനാവശ്യമായ യെസ്, നോ ചോദ്യങ്ങൾ സ്വയം ചോദിച്ച് ഉത്തരം കണ്ടെത്താൻ, കൃത്യമായ തീരുമാനം എടുക്കാൻ വേണ്ട പ്രാഥമിക അറിവിന്റെ ആവശ്യകത.

ശേഷം 12-ാം പേജിൽ



# ഡീപ്ഫേക്ക് ടെക്നോളജി സമൂഹത്തിനു ഭീഷണിയോ?



ടോണി ചിറ്റിലപ്പിള്ളി

വ്യാജവാർത്തകളോടു പടവെട്ടിക്കൊണ്ടിരിക്കുകയാണ് ഇന്നത്തെ ലോകം. ഈ പ്രശ്നങ്ങൾക്ക് ആക്കംകൂട്ടുകയാണ് എഐ അധിഷ്ഠിതമായ ഡീപ്ഫേക്ക് ഉള്ളടക്കങ്ങൾ. ഡീപ്ഫേക്ക് തെറ്റായ വിവരങ്ങളുടെ ഏറ്റവും പുതിയതും അപകടകരവുമായ രൂപമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിന്തുണയിൽ കൃത്രിമമായി നിർമിക്കപ്പെട്ട യഥാർഥമെന്നു തോന്നുന്ന ചിത്രങ്ങൾ, വീഡിയോകൾ, ശബ്ദം ഉൾപ്പടെയുള്ള ഉള്ളടക്കങ്ങളെയാണ് ഡീപ് ഫേക്കുകൾ എന്നു വിളിക്കുന്നത്. എഐയെ പ്രതിനിധീകരിക്കുന്ന ഡീപ്പ് ലേണിങ് എന്ന വാക്കും വ്യാജം എന്നർഥം വരുന്ന ഫേക്ക് (Fake) എന്ന വാക്കും സംയോജിപ്പിച്ചതാണ് ഡീപ്ഫേക്ക് എന്ന പേര്.

ഡീപ്ഫേക്ക് സാങ്കേതികവിദ്യ അതിശയിപ്പിക്കുന്നതാണെങ്കിലും, അങ്ങേയറ്റം അപകടകരവുമാണ്. ഉദാഹരണത്തിന്, ഒരു തിരഞ്ഞെടുപ്പിനു ദിവസങ്ങൾക്കുമുമ്പ്, വിദ്വേഷപ്രസംഗങ്ങളും വംശീയ അധിക്ഷേപങ്ങളും വിശേഷണങ്ങളും ഉപയോഗിച്ച് ഒരു സ്ഥാനാർഥിയുടെ ഡീപ്ഫേക്ക് വീഡിയോ പുറത്തുവരുന്നതു സങ്കല്പിക്കുക. അതയാളുടെ പ്രതിച്ഛായയെ തകർക്കുന്നു. രാഷ്ട്രീയജീവിതം പൊലിയുന്നു. ഡീപ് ഫേക്കുകൾ നമുക്കു ചുറ്റും വ്യാജ ഉള്ളടക്കങ്ങളുടെ മായാലോകം തീർക്കുന്ന കാലമാണിത്.

**ഡീപ്ഫേക്കിന്റെ പ്രയോജനവും ഉപയോഗവും**

ഒരു വ്യക്തിയുടെ മുഖത്തെ പേശീചലനങ്ങൾവരെ വിശകലനം ചെയ്താണ് എഐ ഡീപ്ഫേക്ക് വീഡിയോകൾ തയ്യാറാക്കുക. ശബ്ദവും മുഖഭാവവും ചുണ്ടിന്റെയും കണ്ണിന്റെയും ചലനവുമൊക്കെ കൃത്യമായിരിക്കും. നമ്മൾ പറയാത്ത കാര്യങ്ങൾ യഥാർഥത്തിൽ നമ്മൾ പറയുന്നതുപോലെയും പാടാത്തതു പാടിയതുപോലെയുമുള്ള വീഡിയോകൾ ഇതിലൂടെ നിർമിക്കാം. അക്കാദമികരംഗത്തും ഗവേഷണരംഗത്തും സിനിമാനിർമാണത്തിനായുള്ള വിഷ്വൽ ഇഫക്ട് സ്റ്റുഡിയോകളിലുമെല്ലാം ഡീപ് ഫേക്ക് സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാവും. നടീനടന്മാരുടെ വിവിധ പ്രായത്തിലുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചെടുക്കാനും ഡ്യൂപ്പുകൾക്കു നടന്മാരുടെ മുഖം നൽകാനും ഇത് ഉപയോഗിക്കുന്നുണ്ട്. വിദേശഭാഷകളിൽനിന്നുള്ള സിനിമകൾ ഡബ്ബ് ചെയ്തെടുക്കുമ്പോൾ ചുണ്ടുകളുടെ ചലനം ഭാഷയ്ക്കനുസരിച്ചു മാറ്റാൻ ഡീപ്ഫേക്ക് സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

കൂടുതൽ കൃത്യതയോടെ കേൾക്കാനും കാണാനും കഴിയുന്ന ഉപകരണങ്ങൾ സൃഷ്ടിക്കാൻ കഴിയും. വിദ്യാഭ്യാസതലത്തിൽ ആകർഷകമായ പാഠങ്ങൾ നൽകുന്നതിൽ ഡീപ്ഫേക്കുകൾക്ക് അധ്യാപകനെ സഹായിക്കാനാകും. കൂടാതെ, ഈ പാഠങ്ങൾ പരമ്പരാഗതദൃശ്യ-മാധ്യമ രൂപകല്പനകൾക്കപ്പുറത്തേക്കു പോകും. വിലകൂടിയ വിഎഫ്എക്സ് സാങ്കേതികവിദ്യയെ ജനാധിപത്യവത്കരിക്കാനുള്ള കഴിവ് ഡീപ്ഫേക്കിനുണ്ട്. ചെലവുചുരുക്കാൻ സിനിമാനിർമാതാക്കൾക്ക് ഇത് ഒരു ശക്തമായ ഉപകരണമായി മാറും.

മനുഷ്യാവകാശപ്രവർത്തകർക്കും പത്രപ്രവർത്തകർക്കും സിന്തറ്റിക് മീഡിയ ഉപയോഗിച്ച് സ്വേച്ഛാധിപത്യഭരണകൂടങ്ങളിൽ അജ്ഞാതരായി തുടരാം. ഡിജിറ്റൽ ലോകത്ത് സ്വയം പ്രകടിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള പുതിയ ഉപകരണങ്ങൾ വ്യക്തികൾക്കു നൽകാൻ ഡീപ്ഫേക്കുകൾക്കു കഴിയും.

**ഡീപ്ഫേക്ക് സാങ്കേതികവിദ്യയുടെ അപകടകരമായ പ്രയോഗങ്ങൾ**

ഡീപ്ഫേക്കുകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇപ്പോൾ ഏറ്റവും സാധാരണമായ ആക്രമണരീതികൾ. വ്യാജ ഫോൺകോളിലൂടെ ശബ്ദം അനുകരിച്ചു ബാങ്കുകളിലും ധനകാര്യസ്ഥാപനങ്ങളിലും തട്ടിപ്പുകൾ വ്യാപകമാകുന്നു. ഡീപ്ഫേക്ക് ഉപയോഗിച്ച് കൃത്രിമം കാണിച്ച്, മുഖങ്ങളും ശബ്ദങ്ങളും അനുകരിക്കുന്നു.

ഒരു വ്യക്തിയുടെ ഏതാനും ചിത്രങ്ങൾ കൈയിലുണ്ടെങ്കിൽ അവരെവച്ചു നിങ്ങൾക്കാവശ്യമുള്ള എന്തു വീഡിയോയും തയ്യാറാക്കാമെന്ന സ്ഥിതി വന്നാലുള്ള അപകടം ഒന്നാലോചിച്ചുനോക്കൂ. തിരഞ്ഞെടുപ്പുകാലത്തോ കലാപകാലത്തോ ഇത്തരം വീഡിയോകളുടെ അപകടസാധ്യത എത്രമാത്രമായിരിക്കും? പ്രത്യേകിച്ച് അത് സ്ത്രീകളെ കൂടുതൽ ദ്രോഹിക്കുന്നു. അടുത്തകാലത്ത് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡീപ് ഫേക്കുകൾക്കെതിരേ ജാഗ്രത പാലിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്തിരുന്നു.

ശേഷം 9-ാം പേജിൽ

# കരുത്തു പകരുന്ന സ്കൂൾ കൗൺസെലിങ്



■ ഷാജി മാലിപ്പാറ

സ്കൂൾ ഒരു സേവനമേഖലയാണെങ്കിൽ അവിടത്തെ പ്രധാന സേവകർ അധ്യാപകർതന്നെയാണ്. അനധ്യാപകരായ ചുരുക്കം ചിലരുടെ സേവനവും ലഭ്യമാണെന്നുമാത്രം. എന്നാൽ, കുറച്ചുകാലമായി പുതിയൊരു സേവനമുഖംകൂടി വിദ്യാലയങ്ങളിൽ തുറന്നുകിട്ടുന്നുണ്ട്. അത് സ്കൂൾ കൗൺസെലിങ്ങാണ്. ഫുൾടൈമോ പാർട്ട്ടൈമോ ആയി ഒന്നോ അതിലധികമോ കൗൺസെലർമാർ വിദ്യാലയങ്ങളിൽ സേവനം ചെയ്യുന്നു. പ്രധാനമായും വിദ്യാർഥികൾക്കു കൗൺസെലിങ് സഹായം നൽകുക എന്നതാണ് അവരുടെ ചുമതല.

സ്പോൺസർഷിപ്പുവഴിയോ കരാറടിസ്ഥാനത്തിലോ ഒക്കെയാണ് മിക്ക സ്കൂളുകളിലും കൗൺസെലർമാരെ നിയമിക്കുന്നത്. മിക്കവാറും പൊതുവിദ്യാലയങ്ങളിൽ വല്ലപ്പോഴുമൊക്കെ വന്നുപോകുന്ന അതിഥിസേവകരെന്ന നിലയ്ക്കേ സ്കൂൾ കൗൺസെലർമാരെ കാണാനുള്ളൂ. സ്വകാര്യവിദ്യാലയങ്ങളിൽ കുറേക്കൂടി വിപുലമായ സേവനത്തിനുള്ളകളമൊരുങ്ങാറുണ്ട്.

ഈ നൂറ്റാണ്ടിൽ വളരെ അത്യാവശ്യമുള്ള ഒരു സേവനരംഗമായി സ്കൂൾ കൗൺസെലിങ് മാറിയിട്ടുണ്ട്. ഓരോ വർഷംകഴിയുംതോറും ആവശ്യകത വർധിച്ചുവരികയും ചെയ്യുന്നു. സമൂഹത്തിന്റെയും വ്യക്തികളുടെയും മാനസികാരോഗ്യത്തിന്റെ തോതു കുറഞ്ഞുവരുന്നതിന്റെ അടയാളമായി ഇതിനെ കാണുന്നവരുണ്ട്. അതേസമയം, മെച്ചപ്പെട്ട മാനസികാവസ്ഥ സംജാതമാക്കുന്നതിനുള്ള പിന്തുണാസംവിധാനമായി ഇതിനെ വീക്ഷിക്കുന്നവരുമുണ്ട്. അണുകുടുംബങ്ങളുടെ രൂപീകരണം, തിരക്കേറിയ ജീവിതശൈലി, മൂല്യക്രമങ്ങളിൽ വന്ന പരിണാമം തുടങ്ങി പല കാരണങ്ങളാലും കൗൺസെലിങ്ങിന്റെ പ്രസക്തി ഏറിയിരിക്കുന്നു.

'എന്നെ ആരും കേൾക്കുന്നില്ല, കേട്ടാലും മനസ്സിലാക്കുന്നില്ല' എന്ന നിശ്ശബ്ദവിലാപം ഇന്നെമ്പാടുമുണ്ട്. എൽകെജി വിദ്യാർഥിക്കുപോലും ഈ സങ്കടമുണ്ട്. സ്വാഭാവികമായി കേൾക്കുകയും പരിഗണിക്കുകയും ചെയ്യേണ്ടവർക്ക് അതിനു കഴിയാതാവുന്നിടത്ത് സ്കൂൾ കൗൺസെലർ പകരക്കാരിയായി എത്തുന്നു; കൗൺസെലിങ്ങിന്റെ പ്രഥമപടിയായ ശ്രവണത്തിനു സന്നദ്ധയാകുന്നു. പുതിയ ഉൾക്കാഴ്ചകൾ നൽകാനും അതിലൂടെ ചില പരിഹാരങ്ങളിലേക്കു നയിക്കാനും കൗൺസെലർക്കു സാധിക്കുന്നു.

സ്കൂളിലെ കൗൺസെലിങ്മുറിയെ സംശയത്തോടെ വീക്ഷിച്ചിരുന്ന കാലം മാറിവരുന്നു. എനിക്കു കൗൺസെലിങ്ങിനു പോകണമെന്നു പറഞ്ഞ് ഉത്സാഹത്തോടെ എത്തുന്ന കുട്ടികൾ ഇന്നു ധാരാളമാണ്. എന്നാൽ, സ്കൂൾ കൗൺസെലിങ് ഫലപ്രാപ്തിയിലെത്തണമെങ്കിൽ വിദ്യാർഥികൾക്കു പുറമേ രക്ഷിതാക്കളെയും അധ്യാപകരെയും ഈ പ്രക്രിയയിൽ ഉൾച്ചേർത്തേ മതിയാവൂ. കുട്ടികളിൽ ആരംഭിക്കുന്ന കൗൺസെലിങ്ങിന്റെ സഹായഹസ്തം കുടുംബങ്ങളിലേക്കുകൂടി നീളേണ്ടതുണ്ട്. രക്ഷിതാക്കളുടെ സാന്നിധ്യവും സഹകരണവും അതിനാവശ്യമാണ്. അതിനു തയ്യാറാവുന്ന രക്ഷിതാക്കളുണ്ട്; മറിച്ചുമുണ്ട്. സൗജന്യവും ശാസ്ത്രീയവുമായ കൗൺസെലിങ്സൗകര്യങ്ങൾ സ്കൂളുകളിലുണ്ട്. അജ്ഞതയോ ഭയമോ ദുരഭിമാനമോനിമിത്തം അതിനോടു വിമുഖത കാട്ടുന്ന മാതാപിതാക്കൾ കുട്ടികളോടും തങ്ങളോടുതന്നെയും നീതികേടാണു ചെയ്യുന്നത്. തന്റെയും കുടുംബാംഗങ്ങളുടെയും അഭ്യുദയത്തിന് കൗൺസെലിങ് സഹായിക്കുമെന്ന വിശ്വാസത്തോടെ അതിനു സമയം കണ്ടെത്തേണ്ടത് അനിവാര്യമാണ്. സ്കൂൾകൗൺസെലിങ്ങിലൂടെ എത്രയോ കുട്ടികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങൾ ഉന്മേഷഭരിതമായിത്തീർന്നിട്ടുണ്ട്!




വർഷംതോറും സ്കൂളുകളിൽ രക്ഷിതാക്കൾക്കായി ബോധവത്കരണക്ലാസുകൾ നടക്കാറുണ്ട്. ഒരു ചടങ്ങായി അതു നടത്തുന്നതിനെക്കാൾ അഭികാമ്യം, സ്കൂൾകൗൺസെലറുടെ നേതൃത്വത്തിൽ രക്ഷാകർത്തൃസെമിനാറുകൾ നടത്തുന്നതാണ്. മുഴുവൻ പേരന്റ്സിനെയും ഒന്നിച്ചു വിളിച്ചുകൂട്ടി നടത്തുന്ന മഹോത്സവമായി ഇതു മാറരുത്. ലോവർപ്രൈമറി കുട്ടികളുടെ രക്ഷിതാക്കളോടൊപ്പം പത്താംക്ലാസുകാരുടെ മാതാപിതാക്കളുംകൂടി ഇരുന്നുകേൾക്കേണ്ട പ്രസംഗപരിപാടി നടത്തിയതുകൊണ്ടു വലിയ പ്രയോജനമില്ല. ഓരോ ഗണത്തിൽപ്പെട്ട രക്ഷിതാക്കൾക്കുമായി പ്രത്യേകം സംഘടിപ്പിക്കുന്ന സെഷനുകൾ ഉണ്ടാവണം. കൗൺസെലർക്ക് സ്കൂളിലുണ്ടാകുന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ അവരോടു സംവദിക്കാൻ കഴിയണം. കൂടുതൽ പിന്തുണ ആവശ്യമുള്ള രക്ഷിതാക്കളെമാത്രമായി ഒരുമിച്ചുകൂട്ടുന്നതും ഉപകാരപ്രദമാണ്. ശിശുക്കളുടെ രക്ഷിതാക്കൾക്കും ബാലകരുടെ രക്ഷിതാക്കൾക്കും കൗമാരക്കാരുടെ രക്ഷിതാക്കൾക്കും വെവ്വേറെ സെഷനുകളാണു കിട്ടേണ്ടത്. പുറമേനിന്നെത്തുന്ന ഏതെങ്കിലും അതിഥിതാരത്തെക്കാൾ കൂടുതൽ ഫലമുളവാക്കാൻ കഴിയുന്നത് സ്കൂളിന്റെ ഭാഗമായി നിൽക്കുന്ന കൗൺസെലർക്കാണ് എന്നതിൽ സംശയമില്ല.

അടുത്ത കൂട്ടർ അധ്യാപകരാണ്. കുട്ടികളോടൊപ്പം എപ്പോഴുമുള്ളവർ അവരാണ്. അവരുടെ പിന്തുണയും സഹകരണവും സ്കൂൾ കൗൺസെലിങ്ങിന്റെ വിജയത്തിനത്യാവശ്യമാണ്. പുതിയ കാലത്ത് കൗൺസെലിങ്ങിന്റെ പ്രസക്തിയും പ്രാധാന്യവും അധ്യാപകരെ ബോധ്യപ്പെടുത്തുക എന്നതാണ് ആദ്യപടി. ഇക്കാര്യത്തിൽ ശുഭകരമായ മാറ്റം എല്ലാ വിദ്യാലയങ്ങളിലും ദൃശ്യമാണ്. അടുത്തതായി ചെയ്യേണ്ടത് അധ്യാപകരും കൗൺസെലറും പരസ്പരധാരണയോടെ പ്രവർത്തിക്കുകയാണ്. കുട്ടികളെക്കുറിച്ച് ആവശ്യമായ ധാരണകൾ പരസ്പരം കൈമാറുന്നതിന് ഇരുകൂട്ടരും സന്നദ്ധരാകണം. എല്ലാം എല്ലാവരെയും അറിയിക്കുകയല്ല, കൗൺസലിങ്ങിന്റെയും അധ്യാപനത്തിന്റെയും നൈതികതയും ശാസ്ത്രീയതയും പാലിച്ചുകൊണ്ട് അവശ്യംവേണ്ട സംഗതികൾമാത്രം പങ്കുവയ്ക്കുന്നത് ഉപകാരപ്രദമാണ്. ഇതുവഴി, ടീച്ചറുടെയും കൗൺസെലറുടെയും സേവനം കുറച്ചുകൂടി ഫലദായകമാകും. ഇരുകൂട്ടർക്കും തങ്ങളുടെ ചുമതലാനിർവഹണത്തിൽ പരസ്പരം സഹായിക്കാനുമാവും.

മാസത്തിലൊരിക്കൽ കൗൺസെലറുമൊത്തുള്ള ഒരു അധ്യാപകസമ്മേളനം ഉപകാരപ്രദമാണ്. അധ്യാപകർക്കജ്ഞാതമായ ഒത്തിരിക്കാര്യങ്ങൾ കൗൺസെലർ അറിയുന്നുണ്ട്. അതിന്റെ വെളിച്ചത്തിൽ സ്കൂളിൽ വരുത്തേണ്ട മാറ്റങ്ങളോ അധ്യാപകരിൽനിന്നുണ്ടാകേണ്ട പ്രത്യേക പിന്തുണയോ ഒക്കെ ഉരുത്തിരിഞ്ഞുവരാനും അവ പ്രയോഗപഥത്തിലെത്തിക്കാനും ഇത്തരം ഒന്നിച്ചിരിപ്പുകൾ സഹായിക്കും. മറ്റൊരു പ്രധാനസംഗതി കുട്ടികൾക്കും രക്ഷിതാക്കൾക്കും എന്നതുപോലെ അധ്യാപകർക്കും കൗൺസെലിങ് ആവശ്യമായി വരാമെന്നതാണ്. സംഘമായോ വ്യക്തിപരമായോ നൽകുന്ന ഇത്തരം കൗൺസെലിങ്സഹായം അധ്യാപകരുടെ വ്യക്തിജീവിതത്തെയും അധ്യാപനത്തെയും വിദ്യാർഥിസമൂഹത്തെയും ശോഭായമാനമാക്കും. ഓർത്തിരിക്കാൻ ഇത്രമാത്രം: സ്കൂൾ കൗൺസെലിങ് ഒരു ഒറ്റയാൾപോരാട്ടമല്ല, അതൊരു സംഘാതപ്രവർത്തനമാണ്. അങ്ങനെയാവുമ്പോൾ അത് എളുപ്പത്തിൽ ഫലം ചൂടും.

■



ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ മകുടമാകുന്നു. അത് സമാധാനവും ആരോഗ്യവും സമൃദ്ധമാക്കുന്നു.
പ്രഭാഷകൻ 1:18

**എഡിറ്റോറിയൽ**

# ഇരുളിനെ തോല്പിച്ച ഒരുമയുടെ പാഠങ്ങൾ

ശുഭസുന്ദരമായ രണ്ടു മടക്കങ്ങളുടെ മഴപ്പെയ്ത്തിനൊടുവിൽ അനിശ്ചിതത്വങ്ങളും ആശങ്കകളുമൊഴിഞ്ഞുപോയതിനാണ് നവംബർ 28 സാക്ഷ്യം വഹിച്ചത്. കേരളത്തിന്റെ മുഴുവൻ ഉള്ളുലച്ച അബിഗേൽ സാറായെന്ന ആറുവയസ്സുകാരിയുടെ തിരോധാനത്തിന് ഇരുപത്തിയൊന്നാം മണിക്കൂറിൽ അറുതിയായത് നെഞ്ചുരുകി പ്രാർഥിച്ചുകാത്തിരുന്നവർക്കുള്ള ആശ്വാസവാർത്തയായിരുന്നു. ഉത്തരകാശി സിൽക്യാര തുരങ്കത്തിലകപ്പെട്ട 41 തൊഴിലാളികളെ 17 ദിവസം നീണ്ട രക്ഷാദൗത്യത്തിലൂടെ ജീവിതത്തിലേക്കു തിരികെക്കൊണ്ടുവരാനായത് അത്യഭിമാനത്തിന്റെ അടയാളമായി രാജ്യം കണ്ടു.

നവംബർ 12; രാജ്യം മുഴുവൻ പ്രകാശത്തിൽ കുളിച്ചുനിന്ന ദീപാവലിദിവസമാണ് 41 തൊഴിലാളികളുടെ ജീവിതത്തിൽ ഇരുട്ടുനിറഞ്ഞത്. പിന്നെ, രാജ്യം ശ്വാസമടക്കിപ്പിടിച്ചു സാക്ഷ്യം വഹിച്ചത് അതിസാഹസികതയുടെ 17 ദിനരാത്രങ്ങൾക്കാണ്. രാജ്യം കണ്ട ഏറ്റവും ദുഷ്കരവും സങ്കീർണവുമായ രക്ഷാപ്രവർത്തനത്തിനൊടുവിൽ 41 പേരെയും ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനായി. രാഷ്ട്രത്തിന്റെ സുരക്ഷാകരങ്ങൾ അതിന്റെ ഓരോ പൗരനെയും ആർദ്രതയോടെ കാത്തുപരിപാലിക്കുമെന്ന ഉറപ്പിന്റെ നേരടയാളംകൂടിയാണ് ഉത്തരാഖണ്ഡിലെ രക്ഷാപ്രവർത്തനത്തിന്റെ ഉജ്ജ്വലവിജയം. സമചിത്തതയോടെ രക്ഷാദൗത്യം നിർവഹിച്ചവരും മനക്കരുത്തോടെ തുരങ്കത്തിനുള്ളിൽ കാത്തിരുന്ന 41 തൊഴിലാളികളും ഒരുപോലെ അനുമോദനമർഹിക്കുന്നു.

ഇരുട്ടറകൾക്കു സമാനമായ സിൽക്യാരയിലെ തുരങ്കത്തിൽനിന്നു രക്ഷപ്പെട്ടു പുറത്തുവന്ന 41 തൊഴിലാളികളെയും ഇനിയും കാത്തിരിക്കുന്നതു സുരക്ഷിതമല്ലാത്ത തൊഴിലിടങ്ങൾ തന്നെയാണ് എന്നതാണ് ഭീതിദമായ വസ്തുത. ജീവൻ പണയംവച്ചു തൊഴിലെടുക്കാൻ വിധിക്കപ്പെട്ട ഇക്കൂട്ടർക്കു മെച്ചപ്പെട്ട തൊഴിലന്തരീക്ഷം ഉറപ്പാക്കാൻ ഇനിയെങ്കിലും അധികൃതർ തയ്യാറാകണമെന്ന പാഠമാണ് സിൽക്യാര ബാക്കിവയ്ക്കുന്നത്.

രക്ഷാദൗത്യം ഫലം കണ്ടതിനെ ചുറ്റിപ്പറ്റി അഭിനന്ദനങ്ങളുടെ ആരവങ്ങളുയരുന്നതു സ്വാഭാവികമാണ്. സങ്കീർണമായ ഇത്തരം ദൗത്യനിർവഹണത്തിൽ ഏർപ്പെടുന്നവർ അത് സർവഥാ അർഹിക്കുന്നവരുമാണ്. പക്ഷേ, രക്ഷാപ്രവർത്തനത്തിന്റെ ആദ്യഘട്ടം ഇഴഞ്ഞുനീങ്ങിയെന്ന ആക്ഷേപം ശക്തമാണ്. രണ്ടാഴ്ച പിന്നിട്ടപ്പോൾമാത്രമാണ് ശ്രമങ്ങൾ ഊർജിതമായതെന്നു പറയുന്നവരുണ്ട്. തുടക്കം മുതൽ മാറിമാറിയുള്ള തടസ്സങ്ങൾ രക്ഷാദൗത്യത്തെ പ്രതികൂലമായി ബാധിച്ചുവെന്നതു ശരിയാണ്. ഒപ്പം, ദൗത്യസേനയുടെ ഏകോപനമില്ലായ്മയും ആശയക്കുഴപ്പങ്ങളും രക്ഷാപ്രവർത്തനത്തിന്റെ ആക്കം കുറച്ചിട്ടുണ്ടെന്നു നിരീക്ഷണമുണ്ട്. രക്ഷായന്ത്രങ്ങൾക്കു ഹിമാലയൻ ഭൂപ്രകൃതിയിൽ തടസ്സങ്ങൾ നേരിട്ടതിനു പുറമേ ദുരന്തസ്ഥലത്തെ വി.ഐ.പി.കളുടെ സന്ദർശനവും രക്ഷാപ്രവർത്തനങ്ങൾക്ക് ഇടവേള നല്കാൻ നിർബന്ധിതമായി എന്നതും വിസ്മരിക്കാനാവില്ല.

കരസേനയും ദേശീയ ദുരന്തനിവാരണസേനയും ഇതര ഏജൻസികളും സിൽക്യാരയിലെത്തിയെങ്കിലും രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായില്ല. ദേശീയപാത അടിസ്ഥാനസൗകര്യവികസനകോർപ്പറേഷനും തുരങ്കം നിർമിക്കുന്ന സ്വകാര്യകമ്പനിയുമാണ് രക്ഷാപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. സ്വകാര്യകമ്പനി കരസേനയെ രക്ഷാപ്രവർത്തനത്തിൽ പങ്കെടുപ്പിച്ചില്ലെന്ന ആക്ഷേപം ശക്തമാണ്. കേന്ദ്രസർക്കാരിന്റെ അനുമതിയുംതങ്ങൾക്കു ലഭിക്കാത്തതിനാൽ വെറും കാഴ്ചക്കാരായി പല ഘട്ടത്തിലും നോക്കിനില്ക്കാനേ കഴിഞ്ഞുള്ളൂവെന്ന കരസേനാംഗങ്ങളുടെ സങ്കടം ആർക്കും താങ്ങാനാവാത്തതാണ്. ദുഷ്കരസാഹചര്യങ്ങളിൽ പ്രവർത്തിച്ചുപരിചയമുള്ള അവരുടെ പങ്കാളിത്തം ഉറപ്പാക്കിയിരുന്നെങ്കിൽ, ഒരുപക്ഷേ, ദിവസങ്ങൾക്കുമുമ്പേ രക്ഷാദൗത്യം പൂർത്തിയാക്കാമായിരുന്നുവെന്ന വിലയിരുത്തലുമുണ്ട്.

ഹിമാലയൻമേഖലയിൽ നടപ്പാക്കുന്ന ബൃഹദ്പദ്ധതികൾക്കു യാതൊരുവിധ പാരിസ്ഥിതികാഘാതപഠനവും സർക്കാർ നടത്തിയിട്ടില്ല എന്നതു ഗൗരവമായ തെറ്റുതന്നെയാണ്. 2021 ൽ പദ്ധതിക്കു സുപ്രീംകോടതി അനുമതി നല്കിയത് അതിലെ പ്രതിരോധ - സൈനികതാത്പര്യം കണക്കിലെടുത്താണ്. പ്രകൃതിയുടെ മർമ്മമറിയാതെയുള്ള വികസനപ്രവർത്തനങ്ങൾ ദുരന്തത്തിലേ കലാശിക്കൂ എന്നതിനു ഹിമാലയൻമേഖലയിൽത്തന്നെ നിരവധി ഉദാഹരണങ്ങൾ മുന്നറിയിപ്പുകളായുണ്ട്. വികസനത്തിന്റെ വിജയഭേരി മുഴക്കി നമ്മുടെ ഭരണകൂടങ്ങൾ അതിശീഘ്രം മുന്നേറുമ്പോൾ, അതു പ്രകൃതിയെ പരിഗണിച്ചും പരിപാലിച്ചുംകൊണ്ടായാൽ മനുഷ്യവംശത്തിന്റെയും പരിസ്ഥിതിയുടെയും ഭാവിഭദ്രത ഉറപ്പാക്കാം.

# ദളിത്ക്രൈസ്തവരോടുള്ള അനീതി അവസാനിപ്പിക്കണം

## ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ

തിരുവനന്തപുരം: ദളിത് ക്രൈസ്തവർക്കു പതിറ്റാണ്ടുകളായി നിഷേധിക്കപ്പെട്ട അവകാശങ്ങൾക്കുവേണ്ടിയുള്ള സമരമാണു നടത്തുന്നതെന്നും അവരോട് സർക്കാരുകൾ പുലർത്തുന്ന അനീതി അവസാനിപ്പിക്കണമെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ അഭിപ്രായപ്പെട്ടു. ദളിത്ക്രൈസ്തവ ഏകോപനസമിതിയുടെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങളുന്നയിച്ച് സെക്രട്ടേറിയറ്റിലേക്കു നടത്തിയ മാർച്ച് ഫ്ളാഗ് ഓഫ് ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്. അധികാരികളുടെ ഭാഗത്തുനിന്നു നീതി ലഭിക്കാനായുള്ള പോരാട്ടത്തിന്റെ ഭാഗമായാണ് ഈ മാർച്ച്. ദളിത്ക്രൈസ്തവർക്കു ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ ലഭ്യമാക്കണമെന്നും ആർച്ചുബിഷപ് കൂട്ടിച്ചേർത്തു.

പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിനു മുന്നിൽ നിന്നാരംഭിച്ച മാർച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ സമാപിച്ചു. തുടർന്നു നടന്ന ധർണ ഡോ. ശശി തരൂർ എംപി ഉദ്ഘാടനം ചെയ്തു. ദളിത്ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവാദിത്വമുണ്ടെന്നും ദളിത്ക്രൈസ്തവരുടെ വിഷയങ്ങളിൽ കോൺഗ്രസ് എപ്പോഴും അനുകൂലനിലപാടു സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാനേജ്മെന്റ്, കമ്യൂണിറ്റിക്വാട്ടയിൽ പ്രവേശനം നേടുന്ന ദളിത്ക്രൈസ്തവവിദ്യാർഥികൾക്ക് 1957 മുതൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ പിന്നാക്കവിഭാഗ വികസനവകുപ്പ് നിഷേധിച്ചതു പിൻവലിക്കുക, ദളിത്ക്രൈസ്തവരുടെ ഭരണഘടനാപരിരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനു നല്കുക, ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സെക്രട്ടേറിയറ്റ് മാർച്ച്.



*ദളിത് ക്രൈസ്തവരുടെ ഭരണഘടനാപരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഗവൺമെന്റ് പ്രത്യേക പ്രമേയം പാസാക്കി കേന്ദ്രസർക്കാരിന് നൽകണമെന്നാവശ്യപ്പെട്ട് ദളിത്ക്രൈസ്തവ ഏകോപനസമിതി പാളയം സെന്റ് ജോസഫ്സ് മെട്രോ പൊളിറ്റൻ കത്തീഡ്രലിൽനിന്ന് സെക്രട്ടറിയേറ്റ് പടിക്കലേക്കു നടത്തിയ പ്രതിഷേധമാർച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ചുബിഷപ് ഡോ. തോമസ് ജെ. നെറ്റോ ഫ്ളാഗ് ഓഫ് ചെയ്യുന്നു.*

ബിഷപ് ഗീവർഗീസ് മാർ അപ്രേം മുഖ്യപ്രഭാഷണം നടത്തി. ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടറും ദളിത് ക്രൈസ്തവസമരസമിതി രക്ഷാധികാരിയുമായ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു.

ഡിസിഎംഎസ് മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജോൺ അരീക്കൽ, കെ.എൽ. സി. ഡി.സി. സി.സി.സി കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുത്തൻവീട്ടിൽ, കെ.എൽ. സി.എ. സംസ്ഥാന സെക്രട്ടറി ബിജു ജോസി, ദളിത്ക്രൈസ്തവ സമരസമിതി ചെയർമാൻ ജെയിംസ് ഇലവുങ്കൽ, കൺവീനർ ഷിബു ജോസഫ്, കോ-ഓർഡിനേറ്റർ സണ്ണി കാഞ്ഞിരം, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയംഗം ജേക്കബ് നിക്കോളാസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കഥ

# ശിരസ്സ്



കെ. ആർ. മോഹൻദാസ്

ഉറക്കത്തിന്റെ ഏതോ മുഹൂർത്തത്തിൽ അന്തിപ്പാസ് ഞെട്ടിയുണർന്നു. രാജകീയ വസ്ത്രങ്ങൾ വിയർപ്പിൽ കുതിർന്നിരിക്കുന്നു. വിലാപ്പുറത്തുനിന്നു വിയർപ്പുമണികൾ അത്തിപ്പഴങ്ങൾപോലെ അടർന്നുവീഴുന്നു. തന്റെ വിയർപ്പിനു ചോരയുടെ മണമാണോ...?

അന്തിപ്പാസ് വിയർപ്പിൽ നനഞ്ഞ സ്വന്തം കൈത്തലങ്ങൾ മണപ്പിച്ചുനോക്കി.

ശരിയാണ്.

തന്റെ വിയർപ്പിനു കൊഴുത്ത ചോരയുടെ ഗന്ധമാണ്. താൻ ഉറങ്ങിയിട്ടു നാളുകളായ കാര്യം അന്തിപ്പാസ് ഓർത്തു. കണ്ണടച്ചാൽ എന്നും ഒരേ ദൃശ്യം.

വയ്യ.

അതോർക്കാൻകൂടി ശക്തി പോരാ.

തീരങ്ങളില്ലാത്ത, കുമിളകളുയരുകയും ഉടഞ്ഞുചിതറുകയും ചെയ്യുന്ന രക്തസമുദ്രം!

ഓളങ്ങളുടെ തല്ലേറ്റ് ആടിയുലഞ്ഞ്, ഒരു യാനപാത്രംപോലെ ഒഴുകിയൊഴുകി വരുന്ന ഒരു കൂറ്റൻ വെള്ളിത്താലം.....

അതിൽ നിർത്താതെ പൊട്ടിപ്പൊട്ടി ചിരിക്കുന്ന ആ മുഖം!

ഛേദിച്ചിട്ടും, ശോഭ മായാത്ത യോഹന്നാന്റെ വിശുദ്ധ ശിരസ്സ്. തന്നോടുള്ള നിറഞ്ഞ പുച്ഛം, ജ്വലിക്കുന്ന ആ കണ്ണുകളിൽനിന്ന് ഇപ്പോഴും മാഞ്ഞുപോയിട്ടില്ല.

"സത്യം ചൊല്ലുന്ന ശിരസ്സറുത്തുമാറ്റിയാൽ സത്യം സത്യമല്ലാതാകുമോ രാജാവേ.."

ദൈവമേ...?

ഇല്ല.

ദൈവനാമം ഉരുവിടാനുള്ള യോഗ്യത തന്റെ നാവിനില്ല. അന്തിപ്പാസ് സ്വയം ശപിച്ചു. കൊടുംപാപിയാണു ഞാൻ. സ്ത്രീലമ്പടൻ, പെൺമൊഴി കേട്ടു മയങ്ങി, വിശുദ്ധന്റെ ശിരച്ഛേദം നടത്തിയവൻ. നരകത്തിന്റെ കറുത്ത ഗർത്തങ്ങൾ എന്നെ മാടിവിളിക്കുന്നു.

ഹെറോദ്യായുടെ നീലമിഴികളിൽ ആത്മാവിനെ മുക്കിക്കൊന്ന അഭിശപ്തനിമിഷത്തെ അന്തിപ്പാസ് ശപിച്ചു, പാപത്തിന്റെ വിഷക്കനി തിന്ന മുഹൂർ



ത്തങ്ങളെ ശപിച്ചു.

റോമിലെ ഫിലിപ്പിന്റെ കൊട്ടാരത്തിലെ പട്ടുപരവതാനികൾ വിരിച്ച അന്തഃപുരത്തിന്റെ കിളിവാതിലിലൂടെ തന്നെ കീഴ്പ്പെടുത്തിയ കരിനീലക്കണ്ണുകൾ. അവൾ ജ്യേഷ്ഠപത്നിമാത്രമായിരുന്നില്ല ഭാഗിനേയികൂടിയായിരുന്നു.

റോമിൽനിന്ന് ഗലീലിയിലേക്കുള്ള ഒളിച്ചോട്ടം, ഹെറോദ്യ ഒന്നാവശ്യപ്പെട്ടിരുന്നു. അന്തിപ്പാസ് സ്വന്തം പത്നിയെ വെടിയണം.

കഷ്ടം!

ആത്മനിന്ദയുടെ കനലുകൾ ചുട്ടുപൊള്ളിച്ച മനസ്സിലേക്ക് യോഹന്നാന്റെ വാക്കുകൾ തുളച്ചുകയറുന്നു.

"ഇതു നീതിയാണോ...?"

"ചെയ്തതെല്ലാം നീതിയാണോ...?"

സ്വന്തം ചെവിക്കരുകിലിരുന്ന് ആരാണ് ആ വാക്കുകൾ മന്ത്രിച്ചത്? അന്തിപ്പാസ് ചെവിയോർത്തു.

അതോ, തന്റെ തോന്നലോ?

തന്റെ തിരുനാൾ ദിനം. അന്തിപ്പാസ് ഓർത്തു

നൃത്തപീഠത്തിനു മുന്നിൽ വലിച്ചുകെട്ടിയ കറുത്ത തിരശ്ശീല. കാഴ്ചക്കാരുടെ അക്ഷമ നിറഞ്ഞ മുഖങ്ങൾ, മർമരം, ഇരുവശത്തേക്കും ഒഴുകിമാറുന്ന യവനിക, രണ്ടാമത്തെ അഭിശപ്തനിമിഷം! നൃത്തപീഠത്തിൽ തീനാളംപോലെ അവൾ. ഹെറോദ്യായുടെ മകൾ! കണ്ണുകൾ മിഴിച്ച്, ബോധം മറഞ്ഞുപോയ കാണികൾ. കരഘോഷത്തിന്റെ ആരവത്തിൽ കൊട്ടാരം പോലും വിറച്ചുപോയി. നില മറന്നനിമിഷം!

അവളെ മാറോടുചേർത്തു ചോദിച്ചു:

"നിനക്കെന്തു വേണം... പറയൂ. എന്തും ഈ അന്തിപ്പാസ് തരും."

സ്വബോധം മറഞ്ഞ നിമിഷം നാവിൽനിന്നു വീണ വാക്കുകളിൽ നരകം ഒളിച്ചിരുന്നത് താൻ കാണാതെ പോയല്ലോ.

ഹെറോദ്യയുടെ മുഖത്തു വിജയത്തിളക്കം.

അരുകിലണഞ്ഞ മകളുടെ ചെവിയിൽ മന്ത്രിക്കുമ്പോൾ ആ മുഖത്തെ പൈശാചികഭാവം താൻ കണ്ടില്ലല്ലോ...

അവൾ അടുത്തെത്തി...

പതിനാറുകാരിക്കു വേണ്ടത്...

"എനിക്ക്..."

''പറയൂ.'' താൻ നിർബന്ധിച്ചു.

"എനിക്കു വേണ്ടത്...."

ബാക്കി കേൾക്കാൻ കഴിഞ്ഞില്ല.

വേച്ചുവേച്ചാണു നൃത്തശാലയിൽനിന്നു പോയത്. പോകുന്ന പോക്കിൽ തന്നെ താങ്ങിപ്പിടിക്കാനെത്തിയ സേനാനായകനോടു പറഞ്ഞു:

"അവൾക്കു വേണ്ടതു കൊടുക്കൂ..."

കൽത്തുറുങ്കിന്റെ ഇരുളിൽനിന്നു പുറത്തേക്കു കൊണ്ടുവന്നപ്പോഴും യോഹന്നാന്റെ മുഖത്തെ ദൈവികമായ ശാന്തത. അതിന്നും തന്റെ രാവുകളെ കഴുത്തുഞെരിച്ചു കൊല്ലുന്നു.

അന്തിപ്പാസ് കണ്ണുകൾ ഇറുക്കിയടച്ചു. അപ്പോൾ,

മനക്കണ്ണുകൾക്കു മുന്നിൽ തീരങ്ങളില്ലാത്ത, അലറുന്ന രക്തസമുദ്രം, സമുദ്രത്തിലൂടെ ഒഴുകിവരുന്ന വെള്ളിത്താലം. അതിൽ...

അന്തിപ്പാസ് തീവ്രമായ വേദനയിൽ പുളഞ്ഞു.

■

---

18 കുടുംബവിളക്ക്

# ശിക്ഷണം



ഫാ. തോമസ് പാട്ടത്തിൽചിറ CMF

ശിക്ഷണത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവ കുടുംബങ്ങൾക്കു കഴിയണം. കുടുംബാംഗങ്ങൾ എല്ലാവരും അച്ചടക്കത്തിൽ വളരേണ്ടതുണ്ട്. ഇക്കാര്യത്തിൽ മുതിർന്നവർ ഇളയവർക്കു മാതൃകകളാകണം. മാതാപിതാക്കൾ അടുക്കും ചിട്ടയുമുള്ളവരായെങ്കിലേ മക്കളും അങ്ങനെയാകൂ.

ഭക്ഷണവും രക്ഷണവുംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ശിക്ഷണവും. നസറത്തിൽ ബാലനായ ഈശോ വളർന്നതുപോലെ എല്ലാത്തരത്തിലുമുള്ള പക്വത പ്രാപിച്ചുകൊണ്ട് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ തങ്ങളുടെ സന്താനങ്ങളും വളരുന്നുവെന്ന് ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ ഉറപ്പുവരുത്തണം. തൊട്ടതിനും പിടിച്ചതിനുമൊക്കെ ശിക്ഷിക്കുന്നതല്ല ശിക്ഷണം. കുറ്റം ചെയ്തതിനു കൊടുക്കുന്ന ദണ്ഡനവിധിയുമല്ല. മറിച്ച്, ഒരുതരം അഭ്യസിപ്പിക്കലാണ്, പ്രബോധിപ്പിക്കലാണ്, നന്മയിൽ വളരാനുള്ള പ്രചോദിപ്പിക്കലാണ്. ശാരീരികമായ ശിക്ഷ അതിന് അധികം ആവശ്യമില്ല. അപ്പനമ്മമാരുടെയും മുതിർന്നവരുടെയുമൊക്കെ മാന്യമായ പെരുമാറ്റരീതി ധാരാളം മതിയാകും.

ആവശ്യത്തിനുള്ള സ്വാതന്ത്ര്യം കുഞ്ഞുങ്ങൾക്ക് അനുവദിക്കുന്നതോടൊപ്പം എല്ലാക്കാര്യങ്ങളിലും ചില അതിരുകൾ സൂക്ഷിക്കുകയും വേണം. ശിലയിൽനിന്നു ശില്പത്തെ കൊത്തിയെടുക്കുന്ന ശില്പിയുടെ ശ്രദ്ധയും ആകാംക്ഷയും മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ സ്വഭാവരൂപീകരണത്തിൽ കാണിക്കണം. പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് ആഹാരം വാരിക്കൊടുക്കുന്ന അപ്പനമ്മമാർ ആ കുട്ടിയുടെ വളർച്ചയെ തളർത്തുന്ന വാത്സല്യംമാത്രമാണു നല്കുന്നത്. ഓർക്കണം, നല്ല നിഷ്ഠകളാണ് കുടുംബത്തെ ബലിഷ്ഠമാക്കുന്നത്. തെറ്റുകണ്ടാൽ താമസംവിനാ തിരുത്തണം. നല്ലതിനെ പ്രോത്സാഹിപ്പിക്കണം. ദോഷങ്ങളെ ദ്വേഷിക്കാനും ഗുണങ്ങളെ ഗണിക്കാനും അവരെ ശീലിപ്പിക്കണം. മക്കളെ ആത്മാർഥമായി സ്നേഹിക്കുന്ന മാതാപിതാക്കൾമാത്രമേ അവർക്കു ശിക്ഷണം നല്കൂ. കുഞ്ഞുങ്ങൾ ഇക്കാര്യം നന്നായി മനസ്സിലാക്കണം. കുടുംബത്തിൽ ആരും ആർക്കും ഉതപ്പുണ്ടാക്കാത്തവിധം സ്വന്തം വാക്കുകളെയും പ്രവൃത്തികളെയും നിയന്ത്രിക്കണം. ശിക്ഷണം ഒരു കുത്തിക്കെട്ടാണ്. അതു പൊട്ടിപ്പോകാതെ കാക്കേണ്ടതുണ്ട്.

*'ശിക്ഷണം ഇഷ്ടപ്പെടുന്നവർ അറിവിനെയാണ് സ്നേഹിക്കുന്നത്' (സുഭാ. 12:1)*

---

കവിത

തങ്കച്ചൻ റ്റി. കല്ലൂർക്കുളം

# അകലം

അമ്മയിൽനിന്നുമകലാൻ കഴിയാത്ത
ആ നല്ല ബാല്യമങ്ങകലത്തിലാകുമ്പോൾ
അകറ്റിനിർത്തുവാനാദ്യം പഠിക്കുന്നു
അമ്മതൻ സ്നേഹസാരോപദേശങ്ങളെ.

അച്ഛൻ മരിച്ചൊട്ടുനാളുകൾ കഴിയവേ
അമ്മയ്ക്കു നല്കിയ വാഗ്ദാനക്കൊഞ്ചലിൽ
അമ്മയന്നേകിയ ഉമ്മതൻ മാധുര്യം
അശേഷമന്യമായ് തീരുന്നു സ്മൃതിയിലും

ആത്മാർഥസ്നേഹിതരായ് വന്നുചേർന്നവർ
ആനന്ദമേകാൻ തുറന്നിട്ട പാതയിൽ
ആദ്യസഞ്ചാരത്തിലാശ്ചര്യം നിറയവേ
ആസ്വദിക്കാൻ വീണ്ടും വ്യഗ്രതയേറുന്നു.

അമ്മതൻ സ്നേഹത്തിനർഥമില്ലെന്നൊരു
ആശയമുള്ളിൽ പിടഞ്ഞു പിറക്കുന്നു
അമ്മതൻ സാമീപ്യം മെല്ലെ വെറുക്കുന്നു
അമ്മതൻ ചെയ്തിക്കു കുറ്റം വിധിക്കുന്നു.

അമ്മതൻ അദൃശ്യസ്നേഹച്ചരടുകൾ
അറക്കുവാൻ വാക്കിനാലായുധം തീർക്കുന്നു
ആയിരം താരാട്ടുപാട്ടുകൾ കേട്ടൊരാ
അമ്മതൻ ശബ്ദമിന്നസഹ്യമാകുന്നു.

ആയുസ്സിൻ അഗ്രത്തിലവസാനപടിയിലാം
അമ്മയ്ക്കുമുന്നിൽ മരണം മടിക്കയോ?
അടുത്തൊരു മുറിയിലടച്ചു സൂക്ഷിക്കുന്നു
അപകടകാരിയാം മൃഗത്തിനെയെന്നപോൽ

അരവയർ നിറയുന്നതൊരുനേരമാകയാൽ
അടക്കിപ്പിടിച്ചമ്മ വിശപ്പിന്റെ വായ്ത്താരി
അഗ്നിക്കു സമമാം വേനൽപകലതിൽ
അരത്തവി ദാഹനീർ രുചിയോർത്തു പിടയുന്നു.

ആദിത്യകിരണത്തിൻ ഇളംചൂടുകമ്പളം
അടച്ചിട്ട വാതിലിൽ വിരിച്ചിട്ടു മടങ്ങുന്നു
അന്ധകാരം തിങ്ങിനിറയും മുറിക്കുള്ളിൽ
അമ്മതൻ തേങ്ങലും മൗനമായ് മാറുന്നു.

# നവകേരളസദസ്സ് എന്തു നേടി, ആരു നേടി?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

നവകേരള സദസ്സ് മുന്നേറുകയാണ്. വടക്കൻ കേരളം പിന്നിട്ടു മധ്യകേരളത്തിലേക്കും തെക്കൻ കേരളത്തിലേക്കും മന്ത്രിപ്പടയും ഉദ്യോഗസ്ഥവൃന്ദവുമെത്തുകയാണ്. സഞ്ചരിക്കുന്ന മന്ത്രിസഭയെക്കുറിച്ച് ഗുണവും ദോഷവും ചർച്ച ചെയ്യുന്നുണ്ട്. എല്ലാം ശരിയാക്കാൻ മന്ത്രിമാരും ഉദ്യോഗസ്ഥരും ജനങ്ങളെത്തേടി അവരുടെ പക്കലെത്തുന്നു എന്നതാണ് പാർട്ടിപ്രവർത്തകരുടെയും അനുകൂലികളുടെയും പ്രതികരണം. ഹെഡ്മാസ്റ്ററും കുട്ടികളും കൂടി ഉല്ലാസയാത്രയ്ക്കു പോയതാണെന്ന ആക്ഷേപം നവകേരള സദസ്സിനെതിരേയുണ്ട്. ഭരിച്ചു മുടിച്ച മന്ത്രിമാർ പ്രതിച്ഛായ മെച്ചപ്പെടുത്താൻ നടത്തുന്ന അവസാനത്തെ ശ്രമമാണ് നവകേരളസദസ്സെന്നാണു കടുത്ത വിമർശകരുടെ ആക്ഷേപം. ലോകസഭാ തിരഞ്ഞെടുപ്പിനുമുമ്പ് പാർട്ടി അണികളെ ശക്തിപ്പെടുത്തുന്നതിനുള്ള പാർട്ടികോൺഗ്രസാണിതെന്നു കരുതുന്നവരും ഭരണത്തെ എതിർക്കുന്നവർക്കിടയിലുണ്ട്.

ആളൊഴിഞ്ഞ സദസ്സുകളിലാണു മുഖ്യമന്ത്രിയും കൂട്ടാളികളും എത്തുന്നതെന്ന ആക്ഷേപം വസ്തുതാവിരുദ്ധമാണ്. ഖജനാവു കാലിയാണെങ്കിലും, ട്രഷറി അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണെങ്കിലും സാമ്പത്തികഞെരുക്കത്തിന്റെ സൂചനപോലുമില്ലാതെ പൊലിമയോടും ആർഭാടത്തോടുംകൂടിയാണ് നവകേരള സദസ്സ് എന്ന കലാപരിപാടി പുരോഗമിക്കുന്നത്. കാണേണ്ടതു കണ്ണീരുപൊഴിക്കുന്ന പാവപ്പെട്ടവരെയാണെങ്കിലും കണ്ടുകൊണ്ടിരിക്കുന്നത് മുഖപ്രസാദമുള്ള പ്രമാണിമാരെയാണ്. രാജഭരണകാലത്തുപോലും പ്രജകളുടെ പരാതികൾ രാജാവു നേരിട്ടാണു സ്വീകരിച്ചിരുന്നതെങ്കിലും നവകേരളനായകൻ പാവപ്പെട്ടവരുടെ കണ്ണുനീർ കാണാനുള്ള ത്രാണിയില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥർവഴിയാണ് അപേക്ഷകൾ കൈപ്പറ്റുന്നത്. പാവപ്പെട്ടവന്റെ വിയർപ്പിന്റെ ദുർഗന്ധം സെലിബ്രിറ്റിയായ ജനനായകനെ അസ്വസ്ഥനാക്കുക സ്വാഭാവികമാണെന്നു ജനം തിരിച്ചറിഞ്ഞു സംയമനം പാലിക്കണം.

നവകേരളസദസ്സ് ജനസമ്പർക്കപരിപാടിയാണെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ, ഇതു പുതുമയുള്ള പരിപാടിയല്ല. മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തി വിജയിച്ച, ജനങ്ങൾ ഏറ്റെടുത്ത ഒരു ജനകീയ ജീവകാരുണ്യ വികസനപരിപാടിയായിരുന്നു അത്. ഒ.സിയുടെ (ഉമ്മൻ ചാണ്ടി) ജനസമ്പർക്കപരിപാടിയും പി.വി. (പിണറായി വിജയൻ)യുടെ പരിപാടിയും തമ്മിലുള്ള വ്യത്യാസം, ഒ.സിയുടേത് കരുണയുടെ ആഘോഷമായിരുന്നുവെന്നതും പി.വി.യുടേത് ആഘോഷത്തിന്റെ മാമാങ്കമാകുന്നുവെന്നതുമാണ്. ഒ.സിയുടെ ജനസമ്പർക്കപരിപാടി ഔപചാരികതയില്ലാത്തതും മുഖ്യമന്ത്രി തന്നെ നേരിട്ടു പരാതി സ്വീകരിക്കുന്നതും അവസാനത്തെ പരാതിക്കാരനെപ്പോലും മാനിക്കുന്നതുമായിരുന്നു. നിയമത്തിന്റെയും പ്രോട്ടോക്കോളിന്റെയും വേലിക്കെട്ടുകൾ ജനനായകനെയും ജനങ്ങളെയും തമ്മിൽ അകറ്റിയില്ല.

നവകേരളനായകന്റെ പോക്കുവരവുകൾ താത്പര്യക്കാർക്ക് അനുകരണീയമാണ്. കൃത്യമായ പ്രോട്ടോക്കോൾ പാലിച്ചാണു സഞ്ചാരം. പ്രോട്ടോക്കോൾ ഔദ്യോഗികതയുടെ സൂചനയാണെന്നു മറക്കരുത്. ജനസമ്പർക്കമാകട്ടെ, മറയും തടസ്സവുമില്ലാതെ പാവപ്പെട്ട ജനങ്ങളുടെ പക്കലേക്കു മറയ്ക്കാനൊന്നുമില്ലാത്ത പച്ചയായ നേതാവ് സഹായഹസ്തവുമായി എത്തുന്ന പദ്ധതിയാണ്. എന്നാൽ, നവകേരള സദസ്സ്നായകന്റെ സഞ്ചാരശൈലി കണ്ടുപഠിക്കേണ്ടതാണ്. വാഹനത്തിൽനിന്ന് ഏതു മന്ത്രി ആദ്യം ഇറങ്ങി എന്നതു പ്രശ്നമല്ല. നായകൻ ഇറങ്ങിയശേഷമേ മന്ത്രിമാർക്കു സഞ്ചാരസ്വാതന്ത്ര്യമുള്ളൂ. മന്ത്രിമാർക്കു ജനസമ്പർക്കം അനുവദിച്ചിട്ടില്ല. എല്ലാം നായകൻ ചെയ്തുകൊള്ളും. മന്ത്രിമാർ ജനങ്ങളെ അഭിവാദ്യം ചെയ്യാനോ കുശലം പറയാനോ പരിചയം പുതുക്കാനോ പാടുള്ളതല്ല. എല്ലാം നായകകേന്ദ്രീകൃതമായിരിക്കണം. വേദിയിൽ സംസാരിക്കുമ്പോഴും പ്രത്യേകം ശ്രദ്ധിക്കണം. കൂടുതൽ പറയാൻ പാടില്ല. നായകന്റേതിനെക്കാൾ നല്ല പ്രസംഗവും ഒഴിവാക്കുന്നതാണ് മന്ത്രിയുടെ ഭാവിക്കു നല്ലത്. അല്ലെങ്കിൽ കൈകാര്യം ചെയ്യുന്നത് ധനകാര്യമാണെന്നോ ഏറ്റവും കൂടുതൽ ഭൂരിപക്ഷം നേടിയ നേതാവാണെന്നോ ഒന്നും പരിഗണിച്ചെന്നു വരില്ല.

**സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട**

ഇവന്റ് മാനേജ്മെന്റ് ടീമും സൈബർ സെല്ലും ഫാൻസ് അസോസിയേഷനും കൂടെയുള്ളതുകൊണ്ട് അഴകുള്ള വേദിക്കും നിറഞ്ഞ സദസ്സിനും പഞ്ഞമില്ല. ആളു കുറയുന്നിടത്തു കുട്ടികളെ ഇറക്കാനുള്ള തന്ത്രത്തിനു കോടതിയിൽനിന്നു വിലക്കുണ്ടായതിനെ പാർട്ടി ഗൗരവമായി കാണുന്നില്ല. പാർട്ടിയെക്കാൾ വലിയ കോടതിയോ ഭരണഘടനയോ ഇല്ല.

ജനനായകന് ഒരുപാടു പേരോടു നന്ദിയുണ്ട്. ഉപകാരം ലഭിച്ചാൽ നന്ദി പറയണമല്ലോ. ഏറ്റവും വലിയ പ്രയോജനമുണ്ടായതു തനിക്കുതന്നെ. താനാണ് ഒന്നാമനെന്നു പാർട്ടിക്കാരെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞു. പിന്തുണച്ച പാർട്ടിയുടെ ചാനലിനും പത്രത്തിനും നന്ദി ആവശ്യമില്ല. അത് അവരുടെ കടമയാണ്. എന്നാൽ, പാർട്ടിയെ അകമഴിഞ്ഞു പിന്തുണയ്ക്കുന്ന മറ്റു പ്രധാന ചാനലുകളോടുള്ള നന്ദി പ്രകാശിപ്പിക്കാതിരിക്കാനാവുകയില്ല. പത്തിമടക്കിയിരിക്കുന്ന ബുദ്ധിജീവികൾക്കും ജനനായകൻവക കൂപ്പുകൈ.

ഏറ്റവുമധികം നന്ദിയർഹിക്കുന്നത് പ്രതിപക്ഷമുന്നണിയാണ്. പാർട്ടിനേതൃത്വത്തിന്റെ വിലക്കു ലംഘിച്ചു ചില പ്രാദേശികനേതാക്കന്മാരുടെ സാന്നിധ്യം സദസ്സിലുണ്ടായത് നേട്ടമായിക്കരുതുന്നതിൽ നേതാവിനെ പഴിച്ചിട്ടു കാര്യമില്ല. നവകേരളസദസ്സിനെച്ചൊല്ലിയുള്ള കോൺഗ്രസിലെ അഭിപ്രായഭിന്നതയും പടലപിണക്കങ്ങളും പ്രതീക്ഷിച്ചതിനെക്കാൾ മെച്ചമായതിനെ ഓർത്തു നന്ദി പറയാതിരിക്കാനാവില്ല. ഒരു പക്ഷേ, ഏറ്റവും കൂടുതൽ നന്ദി അർഹിക്കുന്നത് യുഡിഎഫ് നേതാക്കന്മാർതന്നെയാണ്. എത്ര മൃദുവായിട്ടാണ് അവർ പ്രതികരിക്കുന്നത്. യൂത്തുകോൺഗ്രസുകാരുടെ കരിങ്കൊടിയെ കണക്കിലെടുക്കുന്നില്ല. തിരഞ്ഞെടുപ്പിലൂടെ പ്രതിക്കൂട്ടിലായ യൂത്തന്മാരെ പാർട്ടിക്കുപോലും വേണ്ടാത്ത അവസ്ഥയാണുള്ളത്. നവകേരള നമസ്കാരം. ■



# ഡീപ്ഫേക്ക് ടെക്നോളജി സമൂഹത്തിന് ഭീഷണിയോ?

*3-ാം പേജ് തുടർച്ച*

പൊതുതിരഞ്ഞെടുപ്പുകളിൽ കൃത്രിമം വരുത്തുക, ഭരണകൂട സ്ഥാപനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തുക, മാധ്യമങ്ങളെ ദുർബലപ്പെടുത്തുക, സമൂഹികവിഭാഗങ്ങളുടെ ഐക്യം തകർത്ത് അവരെ വിഭജിക്കുക, പൊതുസുരക്ഷയെ തരംതാഴ്ത്തുക, പ്രമുഖ രാഷ്ട്രീയ-മതവ്യക്തിത്വങ്ങളുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും സ്ഥാനാർഥികളുടെയുമെല്ലാം സൽപ്പേരിനു കളങ്കം വരുത്തുക തുടങ്ങി ഒരു രാജ്യത്തിന്റെ ജനാധിപത്യസംവിധാനത്തെയും സാമൂഹികക്രമത്തെയും അടിമുടി തകർത്തുകളയാൻ ഡീപ്ഫേക്കുകൾക്കു സാധിക്കുമെന്നതു രാജ്യത്തിനു തന്നെ ഭീഷണിയാണ്.

**ഡീപ്ഫേക്കുകളുടെ നൈതികതയെന്താണ്?**

ഡീപ്ഫേക്കുകൾ ഉപയോഗിച്ചു തെറ്റായ ആഖ്യാനം സൃഷ്ടിക്കുന്നത് അപകടകരമാണ്. മാത്രമല്ല, വ്യക്തികൾക്കും സമൂഹത്തിനും മൊത്തത്തിൽ മനഃപൂർവവും അല്ലാത്തതുമായ ദോഷം വരുത്തുകയും ചെയ്യും.

ഡീപ്ഫേക്കുകൾ ലോകം അഭിമുഖീകരിക്കുന്ന ആഗോള പ്രതിസന്ധികളെ കൂടുതൽ വഷളാക്കും. കാരണം, അവ വെറും വ്യാജമല്ല, മറിച്ച്, വളരെ യാഥാർഥ്യബോധമുള്ളതിനാൽ അവ കാഴ്ചയുടെയും ശബ്ദത്തിന്റെയും നമ്മുടെ ഏറ്റവും സഹജമായ ഇന്ദ്രിയങ്ങളെ കബളിപ്പിക്കുന്നു. മറ്റൊരാളുടെ ശബ്ദം ഉപയോഗിച്ചും, മറ്റൊരാളുമായി മുഖം മാറ്റിയും, കൃത്രിമചിത്രങ്ങൾ നിർമിച്ചുനടത്തുന്ന പ്രവർത്തനങ്ങൾ അധാർമികമാണ്. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സൃഷ്ടിക്കാൻ സാധ്യതയുള്ള ദോഷങ്ങൾ നിരവധിയാണ്.

ഒരു വ്യക്തിയെ ഭയപ്പെടുത്തുന്നതിനോ അപമാനിക്കുന്നതിനോ ബ്ലാക്ക്മെയിൽ ചെയ്യുന്നതിനോവേണ്ടി സൃഷ്ടിക്കപ്പെട്ട ഡീപ്ഫേക്കുകൾ അസന്ദിഗ്ധമായും അധാർമികമാണ്, ജനാധിപത്യപ്രക്രിയയിൽ അവ ചെലുത്തുന്ന സ്വാധീനം സമൂഹം വിശകലനം ചെയ്യണം. ഡീപ്ഫേക്ക് സാങ്കേതികവിദ്യയ്ക്കു പൂർണമായും കൃത്രിമമായ മുഖമോ വ്യക്തിയോ വസ്തുവോ സൃഷ്ടിക്കാൻ കഴിയും. വഞ്ചന, ചാരപ്രവർത്തനം നുഴഞ്ഞുകയറ്റം തുടങ്ങിയ ആവശ്യങ്ങൾക്കായി വ്യാജ ഡിജിറ്റൽ ഐഡന്റിറ്റികൾ സൃഷ്ടിക്കുന്നതും അധാർമികമാണ്.


ഡീപ്ഫേക്കുകളുടെ സ്രഷ്ടാക്കളും വിതരണക്കാരും സിന്തറ്റിക് മീഡിയയെ ധാർമികമായി ഉപയോഗിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കണം. മൈക്രോസോഫ്റ്റ്, ഗൂഗിൾ, ആമസോൺ തുടങ്ങിയ വലിയ സാങ്കേതിക പ്ലാറ്റ്ഫോമുകൾ, വേഗത്തിലും സ്കെയിലിലും ഡീപ്ഫേക്കുകൾ സൃഷ്ടിക്കാൻ ടൂളിങ്ങും ക്ലൗഡ് കമ്പ്യൂട്ടിങ്ങും നൽകുന്നു. ഈ കമ്പനികൾക്കു സമൂഹത്തോടു ധാർമികമായ ബാധ്യതയുണ്ട്.

ഫേസ്ബുക്ക്, ട്വിറ്റർ, ലിങ്ക്ഡ് ഇൻ, ടിക് ടോക് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ഡീപ്ഫേക്കുകളുടെ ഉപയോഗത്തിൽ ധാർമികവും സാമൂഹികവുമായ ഉത്തരവാദിത്വം കാണിക്കണം. അതുപോലെതന്നെ വാർത്താമാധ്യമസംഘടനകളും പത്രപ്രവർത്തകരും നിയമനിർമാതാക്കളും നയരൂപീകരണക്കാരും പൊതുസമൂഹവും എല്ലാം ഇതിൽപ്പെടും.

**ഡീപ്ഫേക്ക് ഭീഷണിപ്രശ്നം ഇന്ത്യ എങ്ങനെ കൈകാര്യം ചെയ്യും?**

പോണോഗ്രഫി, രാഷ്ട്രീയ പ്രചാരണം, റിവഞ്ച് പോൺ, തീവ്രവാദം, സാമ്പത്തികത്തട്ടിപ്പ് തുടങ്ങിയ മേഖലകളിൽ ഡീപ്ഫേക്ക് വലിയ രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. ഡീപ്ഫേക്ക് വീഡിയോകൾ സ്ത്രീകൾക്കെതിരേ വലിയൊരായുധമായി മാറുമെന്നാണ് വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്. ഇന്ത്യയിൽ രാഷ്ട്രീയനേട്ടങ്ങൾക്കായി എഐ നിർമിതമായ ഉള്ളടക്കങ്ങൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഗവേഷകരും മാധ്യമപ്രവർത്തകരും വിവിധ രാജ്യങ്ങളിലെ ഭരണസിരാകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ആളുകൾ ഇതിനകം ആശങ്ക ഉയർത്തിയിട്ടുണ്ട്.

ഒരു വ്യക്തിയുടെ സ്വകാര്യത എന്നതിനപ്പുറം ഡീപ്ഫേക്കുകൾ എങ്ങനെയൊക്കെയാവും 2024 ൽ വരാനുള്ള ഇന്ത്യൻ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുക എന്നതു വലിയ ചോദ്യമാണ്. ഡിജിറ്റൽ മാധ്യമങ്ങളുടെ വരവോടെ ഫേക്ക് ന്യൂസുകളും ഫേക്ക് ചിത്രങ്ങളും തിരഞ്ഞെടുപ്പുകളിൽ ഇടപെട്ടത് എങ്ങനെയെന്നത് ഇന്നു പഠനവിഷയമാണ്. എതിർസ്ഥാനാർത്ഥിയുടെ ഡീപ്ഫേക്ക് വീഡിയോകൾ എത്ര ആഴത്തിൽ ജനാധിപത്യത്തെ മുറിവേല്പിക്കുമെന്നു നിർണയിക്കുന്ന ഒരു തിരഞ്ഞെടുപ്പാവും 2024 ൽ വരാനിരിക്കുന്നത്. ■





പാപ്പച്ചൻ കടമക്കുടി

നോവൽ 4

# ചക്രവർത്തിനി

**കൊ**ട്ടാരത്തിന്റെ വാതില്ക്കൽ കാവൽ നില്ക്കുമ്പോൾ ഹാമാന്റെ പ്രധാന ഷണ്ഡന്മാരിൽ ഒരുവനായ ബഗോവാസ് മൊർദെക്കായിയുടെ അടുത്തെത്തി.

ഹാമാൻതിരുമനസ്സിന്റെ അറിയിപ്പാണ്. ഇന്നത്തെ രാജദർബാറിൽ ഹാജരാകാൻ കല്പനയായിരിക്കുന്നു.

മൊർദെക്കായിയുടെ ഉള്ളിൽ ഇടിവെട്ടി. ഇതേതോ ആപത്തിന്റെ തുടക്കമാണെന്ന് അയാളുടെ മനസ്സുപറഞ്ഞു. ആകാശംനിറയെ കാർമേഘങ്ങളാണ്.

പക്ഷേ, ഒരു വികാരവും അയാൾ മുഖത്തു പ്രകടിപ്പിച്ചില്ല.

സമയത്തുതന്നെ അയാൾ ദർബാറിനു മുന്നിലെത്തി. ഒരു മൂലയിൽ ഒതുങ്ങിനിന്നു. പരാതിക്കാരുടെ സമയമായപ്പോൾ അയാൾ മുന്നോട്ടു നീങ്ങി. രാജാവ് അയാളെക്കണ്ടു. സ്വർണ്ണച്ചെങ്കോൽ നീട്ടി മുന്നോട്ടുവിളിപ്പിച്ചു.

"നീയാ അന്തപ്പുരവിചാരിപ്പുകാരനായ യഹൂദനല്ലേ? എന്താ, എന്താ നിന്റെ പരാതി?"

രാജാവിന്റെ ചോദ്യം നെഞ്ചിൽ വന്നിടിച്ചപ്പോൾ ഭയഭക്തിബഹുമാനങ്ങളോടെ അയാൾ തേങ്ങി:

"അടിയൻ, ഇങ്ങോട്ടു വിളിപ്പിച്ചതാണ്, പരാതി ഒന്നുമില്ല."

സംശയങ്ങളോടെ രാജാവിന്റെ മുഖം വലിഞ്ഞുമുറുകി. കണ്ണുകൾ കുറുതായി.

"നാമോ?"

പെട്ടെന്ന് പ്രധാനസചിവൻ ചാടിവീണു.

"പൊറുക്കണം തിരുമേനി."

മഹാരാജാവിന്റെ ശ്രദ്ധ ഹാമാനിലേക്കു നീണ്ടു.

"ഈ യഹൂദനെ ആളയച്ചു വിളിപ്പിച്ചത് അടിയനാണ്."

"ഉം?"

ആകാംക്ഷ മുഴുവൻ ആ മൂലലിന്റെ അഗ്രത്തിൽവന്നു മുറ്റിനില്ക്കുന്നുണ്ട്.

‘‘കൊട്ടാരംവിചാരിപ്പുകാരനായി നിയമിതനായതുമുതൽ ഇയാൾ എല്ലായിടത്തും കയറിയിറങ്ങുകയാണ് തിരുമേനി. ഭരണരഹസ്യങ്ങൾ ഇയാൾമൂലം പുറത്താകുമോ എന്ന് അടിയൻ പേടിക്കുകയാണ്."

ഹാമാൻ വിശദീകരിച്ചു.

മഹാരാജാവ് മൊർദെക്കായിയെ ശ്രദ്ധിച്ചു. പഞ്ചപുച്ഛമടക്കി ഒരു പാവത്തെപ്പോലെ ഒതുങ്ങിനില്ക്കുകയാണ് അയാൾ.

രാജകോപത്തിന് ഇരയായിത്തീരുമോ എന്ന് അയാൾ പേടിക്കുന്നുണ്ട്. നേരിയ സംശയം മതി അന്യദേശക്കാരനായ തന്റെമേൽ അശനിപാതംപോലെ രാജവിദ്വേഷം വന്നുപതിക്കാൻ.

"നാം ഈ കേട്ടത് ശരിയാണോ?"

രാജാവിന്റെ മുഴങ്ങുന്ന ശബ്ദം ചോദ്യമായി അയാളുടെ ചെവികളിൽ വീണുപൊള്ളി.

ഭൂമി ഇടിഞ്ഞുതാഴുന്നതുപോലെ തോന്നി..

സകലസൗഭാഗ്യങ്ങളും അവസാനിക്കുകയാണ്.

വളരെ വേഗത്തിൽ അത്യധികം വേവലാതിയോടെ മൊർദെക്കായിയുടെ അധരങ്ങളിൽനിന്ന് വിറയ്ക്കുന്ന സ്വരം അടർന്നുവീണു.

"അടിയൻ, വാതിൽ കാവല്ക്കാരനായിട്ടേ നില്ക്കാറുള്ളൂ തിരുമേനി."

ഒരു വലിയ നിശ്ശബ്ദത രാജദർബാറിൽ ഇറങ്ങിവന്നു തങ്ങിനിന്നു. ആരും ഒന്നും മിണ്ടുന്നില്ല. എന്താവും രാജകല്പനയെന്ന് ആർക്കറിയാം? വരാൻ പോകുന്ന ഏതോ വലിയൊരു വിപത്തിന്റെ ആരംഭമാണ് ഈ മൂകത.

പെട്ടെന്ന് അയാളുടെ മനസ്സ് ഹന്നയിലേക്കും ഹദസ്സയിലേക്കും പറന്നു. ഹന്നയാണ് മൊർദെക്കായിയുടെ പ്രിയതമ. എല്ലാ ദുരന്തങ്ങളിലും പ്രയാസങ്ങളിലും തന്നോടൊപ്പം ശക്തിയായി നിന്നവൾ.

അറിയാതെ മിഴികൾ നിറഞ്ഞുപോവുകയാണ്. ആ അശ്രുകണങ്ങളുടെ അവ്യക്തതയിൽ തെളിയുന്നത് ഹദസ്സയുടെ നിഷ്കളങ്കമായ മുഖം,

പിതൃസഹോദരന്റെ പുത്രി. എല്ലാവരും നഷ്ടമായപ്പോൾ ആശ്രയമായി മൊർദെക്കായിയുടെ അടുത്തെത്തിയവൾ.

പ്രിയപ്പെട്ടവരുടെ മുഖങ്ങൾ.



അയാൾ കണ്ണൊന്നു ചിമ്മി. വിതുമ്പിനിന്ന കണ്ണുനീർ കൂലം തകർത്തു താഴോട്ട് ഉരുണ്ടുവീണു. അതിനോടൊപ്പം തൊണ്ടയിൽ കുരുങ്ങിയ നൊമ്പരത്തിന്റെ ഞെരുക്കം പെട്ടെന്നൊരു തേങ്ങൽപോലെ പുറത്തേക്കുതെറിച്ചു.

എന്നാൽ, എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് മഹാരാജാവ് പൊട്ടിച്ചിരിച്ചു.

ആ ചിരിയും മൊർദെക്കായിയെ സാന്ത്വനപ്പെടുത്തിയില്ല.

അത്യന്തം വിഷമകരമായ വികാരവിക്ഷോഭങ്ങൾ നെഞ്ചിലടക്കിപ്പിടിച്ച് അയാൾ അങ്ങനെ നിന്നു. തലയ്ക്കുമീതെ വിരിച്ചിരിക്കുന്നത് മരണത്തിന്റെ കഴുകൻ ചിറകുകളാണ്.

എന്നാൽ, രാജാവിന്റെ ഹൃദയത്തിൽനിന്ന് ആർദ്രമായ വാക്കുകളാണ് ഒഴുകിയിറങ്ങിയത്. ആ വാക്കുകളുടെ സൗമ്യഭാവം അയാളുടെ ഹൃദയം തണുപ്പിച്ചു.

‘‘നമ്മുടെ ജീവൻ രക്ഷിച്ച ഈ പാവം യഹൂദനോ? ഇയാളാണോ കൊട്ടാരം മുഴുവനും ഓടിനടക്കുന്നത്?"

‘‘രഹസ്യാന്വേഷണവിഭാഗത്തിന്റെ അറിയിപ്പാണ് തിരുമനസ്സേ."

ഹാമാൻ ഉത്സാഹം വറ്റിയ മട്ടിൽ പറഞ്ഞൊപ്പിച്ചു.

രാജാവ് അത്ര ശ്രദ്ധിച്ചില്ല. അദ്ദേഹം മൊർദെക്കായിയോട് കല്പിച്ചു:

"നീ ഇപ്പോഴത്തെ ജോലിയിൽ തുടർന്നുകൊള്ളൂ."

മൊർദെക്കായി നന്ദിപൂർവം രാജാവിനെ കുമ്പിട്ടുവണങ്ങി.

"തിരുവുള്ളംപോലെ."

"പോരേ ഹാമാൻ?

ചക്രവർത്തി വീണ്ടും സചിവനുനേരേ തിരിഞ്ഞു. അയാൾ ആകെ ഉരുകിപ്പോവുകയാണ്. ഉത്തരമൊന്നും പറഞ്ഞില്ല.

നിശ്ശബ്ദമായി രാജഹിതത്തോടൊപ്പം നിന്നു. എങ്കിലും ആട്ടുന്ന ഉലയിൽ അഗ്നിപെരുക്കുന്നതുപോലെ ഹാമാന്റെ മനസ്സിൽ യഹൂദരോടും പ്രത്യേകിച്ച് മൊർദെക്കായിയോടുമുള്ള പകയുടെ നെരിപ്പോട് ആഴത്തിലാഴത്തിൽ എരിഞ്ഞുണർന്നുകൊണ്ടേയിരുന്നു.

രാജദ്രോഹക്കുറ്റത്തിൽനിന്നാണു രക്ഷപ്രാപിച്ചത്. കൈവിട്ടുപോയി എന്നുകരുതിയ ജീവനാണു തിരികെ ലഭിച്ചിരിക്കുന്നത്. തന്റെ പിന്നാലെ അധികാരത്തിന്റെ വാൾമുനകളുണ്ട് എന്ന് അയാൾ മനസ്സിലാക്കി. ഏതുനിമിഷവും ശത്രുക്കളെന്നെ പൊതിഞ്ഞേക്കാം. മൂർച്ചയുടെ വായ്ത്തലകൾ രക്തദാഹികളായി മാറിയേക്കാം.

മൊർദെക്കായി വളരെ വേഗത്തിൽ തന്റെ കൂട്ടർ താമസിച്ചിരുന്നിടത്തു പാഞ്ഞെത്തി. അവിടെ താവളമടിച്ചു താമസിക്കുന്ന സ്വന്തം ജനതയെ വിളിച്ചുവരുത്തി. അയാൾക്കു കൊട്ടാരത്തിലെ ഉയർന്ന ജോലി ലഭിച്ചതിൽ അവരെല്ലാം സന്തുഷ്ടരായിരുന്നു. എന്നാൽ, അതെല്ലാം തകിടംമറിഞ്ഞേക്കാമെന്ന് അയാൾ അവർക്കു മുന്നറിയിപ്പു നല്കി. പ്രധാനസചിവനായ ഹാമാന് തന്നോടും തന്റെ ജനത്തോടുമുള്ള വിരോധം അയാൾ വിവരിച്ചു. എന്നോടുള്ള അപ്രീതി നിങ്ങളുടെ മേലും വന്നു പതിച്ചേക്കാം.

ഭടന്മാരോ രഹസ്യചാരന്മാരോ ഈ കൂടാരങ്ങൾ സന്ദർശിക്കാനിടയുണ്ട്. നിങ്ങൾ സദാ ജാഗരൂകരായിരിക്കണം. എന്നെയും എന്റെ കുടുംബത്തെയുംകുറിച്ച് അന്വേഷിച്ചറിയാനായിരിക്കും അവർ എത്തിച്ചേരുന്നത്.

"അനാഥനായ യഹൂദനായിട്ടാണ് ഞാൻ രാജാവിനു മുന്നിൽ അറിയപ്പെടുന്നത്. ആ വിശ്വാസം തകർന്നാൽ ഒരുപക്ഷേ, എല്ലാം തകർന്നുപോയി എന്നുവരാം. അതിനാൽ പ്രിയജനങ്ങളേ, എന്റെയും നിങ്ങളുടെയും രക്ഷയ്ക്കുവേണ്ടി ഞാൻ പറയുന്നവ കർശനമായി പരിപാലിച്ചേ മതിയാവൂ."

മൊർദെക്കായി ഹന്നയെ ചേർത്തു നിർത്തി.

‘‘ഇവളെ നിങ്ങൾക്കറിയാം. എല്ലാ വിഷമങ്ങളും ഒന്നിച്ചു നേരിട്ടവൾ - എന്റെ ഹന്ന. നെബുക്കദ്നേസറുമായുള്ള യുദ്ധത്തിൽ മക്കളെ നഷ്ടപ്പെട്ട ഹതഭാഗ്യയായ അമ്മ. ആ സങ്കടത്തെ ഞാൻ നിങ്ങളെ ഏല്പിക്കുകയാണ്."

‘‘ഞങ്ങൾക്കു കൂട്ടായി സന്തോഷമായി നിന്നവളാണ് പിതൃസഹോദരന്റെ പുത്രിയായ ഹദസ്സ. അവൾക്കും എല്ലാം നഷ്ടമായതാണ്. ഞങ്ങളും സുഹൃദ്ജനങ്ങളായ നിങ്ങളുമാണ് ഹദസ്സയുടെ ബന്ധുക്കൾ."

"രാജാവിന്റെയും പരിജനങ്ങളുടെയും മുന്നിൽ മൊർദെക്കായ് എന്നും അനാഥനാണ്. നിങ്ങൾക്കു ഞാൻ നൽകിയ മുത്തുകളെ കാത്തുകൊള്ളുക."

ഇത്രയും പറഞ്ഞതോടെ അയാൾ മോഹാലസ്യപ്പെട്ടു വീണുപോയി. ഹന്ന പെട്ടെന്ന് ഓടിച്ചെന്ന് വെള്ളമെടുത്ത് അയാളുടെ മുഖത്തു തളിച്ചു. കുറച്ചു വെള്ളം കുടിക്കാനും നല്കി. അതോടെ മൊർദെക്കായി എഴുന്നേറ്റു.

ഹന്നയുടെ വേവുകൾ അവൾ ഹൃദ്യമായ ചിരികൊണ്ട് മൂടിവച്ചു.

ക്ഷീണിച്ചെങ്കിലും തളർന്നുപോകാത്ത ശബ്ദത്തിൽ മൊർദെക്കായ് ഉദ്ഘോഷിച്ചു:

‘‘പ്രിയജനങ്ങളേ, യഹൂദസമൂഹം ഒറ്റക്കെട്ടാണ്. നാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്. അവിടുത്തെ സ്വന്തം മക്കളാണ്. അന്യജാതിക്കാരന്റെ കുതന്ത്രങ്ങളിൽ നാം വീണുപോകരുത്. അവർക്കു മുന്നിൽ നമ്മുടെ രഹസ്യങ്ങൾ തുറക്കപ്പെടരുത്."

മുന്നറിയിപ്പുകൾക്കുശേഷം അയാൾ രഹസ്യമാർഗത്തിലൂടെ കൊട്ടാരത്തിലേക്കു മടങ്ങി.

യഹൂദർ കണ്ണുകളടച്ച് സ്രഷ്ടാവിനോടു പ്രാർത്ഥിച്ചു.

പക്ഷേ, മൊർദെക്കായി പറഞ്ഞവയല്ലാം സംഭവിക്കാൻ തുടങ്ങി. മുന്നറിയിപ്പു ലഭിച്ചിരുന്നതിനാൽ അവർ പതറിയില്ല. ബഗോവാസ് എന്ന ഷണ്ഡന്റെ നേതൃത്വത്തിലാണ് കുതിരപ്പടയാളികൾ കൂടാരംതേടി എത്തിയത്.

രാജാവിനു മുന്നിൽ മൊർദെക്കായിയെ കുറ്റവാളിയാക്കാനുള്ള തെളിവുകളാണ് അവർക്കു വേണ്ടതെന്ന് കൂടാരവാസികൾക്കു മനസ്സിലായി. യഹൂദരുടെ ഓരോ കൂടാരവും അവർ പരിശോധിക്കാൻ തുനിഞ്ഞു. എന്നാൽ, അവർ കൂടാരങ്ങളിലേക്കു പ്രവേശിക്കുംമുമ്പ് മുഴുവൻ കൂടാരവാസികളുടെയും നേതൃത്വം ഏറ്റെടുത്ത രഥാസ്തനേവ് പട്ടാളക്കാരുടെ മുന്നിലെത്തി ശിരസ്സുകുനിച്ചു.

"മൊർദെക്കായുടെ കൂടാരമേതാണ്?"

എത്തിയ പട്ടാളക്കാരിലൊരാൾ ചോദിച്ചു.

"അയാൾ അനാഥനാണ്. സ്വന്തമായി പാർപ്പിടമില്ല. ഞങ്ങളുടെ ഏതെങ്കിലും കൂടാരത്തിലാണ് വരുമ്പോൾ താമസിക്കുന്നത്."

പക്ഷേ, രഥാസ്തനോവിന്റെ ഉത്തരം ബഗോവാസിനെ തൃപ്തനാക്കിയില്ല. പറഞ്ഞതു സത്യമല്ലെന്നയാൾക്കു മനസ്സിലായി. പക്ഷേ, മറ്റൊരു കാരണവുമില്ലാതെ ഈ കൂട്ടങ്ങളെ എങ്ങനെയാണ് ഉപദ്രവിക്കുന്നത്? അയാൾ കൂട്ടുകാരെയുംകൊണ്ട് മടങ്ങി.

പട്ടാളക്കാർ തിരിച്ചുപോയപ്പോൾ യഹൂദർ അറിയാതെ ആഹ്ലാദശബ്ദം പുറപ്പെടുവിച്ചു. ഒത്തുചേർന്ന് ദൈവത്തെ വാഴ്ത്തി. നൃത്തനൃത്യങ്ങളോടെ സന്തോഷം പങ്കുവെച്ചു.

ഈ ആഘോഷാരവങ്ങൾ പട്ടാളക്കാരുടെ ചെവികളിലെത്തി. നിമിഷനേരംകൊണ്ട് എല്ലാം തകിടംമറിഞ്ഞു. യഹൂദക്കൂട്ടത്തിന്റെ ആഘോഷങ്ങൾ പട്ടാളക്കാരെ അത്യധികം ക്ഷുഭിതരാക്കി. കുതിരപ്പടയാളികൾ കുതിച്ചെത്തി.

കൂടാരങ്ങൾ തച്ചുതകർത്തു. കിട്ടിയവയെല്ലാം കൊള്ളയടിച്ചു. സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിച്ചു. തടയാൻ ശ്രമിച്ചവരെയെല്ലാം നിഷ്കരുണം നേരിട്ടു.


നേതൃസ്ഥാനത്തുനിന്ന് എതിർപ്പുകൾക്കു ശക്തിപകർന്ന രഥാസ്തനോവിനെ ബലമായി പിടിച്ചുകെട്ടി.

"നീ അവന്റെ ചങ്ങാതിയല്ലേ, നിന്നെ രാജാവിനു വേണം."

പടയാളികൾ അയാളെ തൂക്കിയെടുത്തു പാഞ്ഞു.

ശേഷം 12-ാം പേജിൽ

# കഥ പറയും പൂക്കൾ



**സി. എൽ. ജോസ്**

മനസ്സിനു സുഖവും സന്തോഷവും പഥ്യമാകുന്നതിനുള്ള രഹസ്യം നമ്മളിൽ മിക്കവർക്കും അറിയാം. എന്നാൽ, അതു പ്രയോഗിക്കാനും നടപ്പാക്കാനും എല്ലാവരും മുതിരുന്നില്ല എന്നതാണു സത്യം. സ്വാർഥലേശമില്ലാത്ത ചില പ്രവർത്തനങ്ങൾ സന്മനസ്സോടെ നമ്മൾ നടത്തുമ്പോൾ അതിനു ലഭിക്കുന്ന പ്രതിഫലവും സംതൃപ്തിയും അദ്ഭുതാവഹമായിരിക്കും. അങ്ങനെയുള്ള ഒരദ്ഭുതത്തിന്റെ കഥയാണിത്.

കത്തീഡ്രൽ സിമിത്തേരിയിൽ ഏതാനും വർഷങ്ങൾക്കു മുമ്പ് അടക്കം ചെയ്ത തന്റെ മകന്റെ ശവകുടീരം സന്ദർശിക്കാനും നേരിട്ടു പൂക്കളർപ്പിക്കാനുമായി, ഏതാണ്ട് എഴുപതിലെത്തിയ ഒരു വൃദ്ധ – മിസ്സിസ് എമിലി – കാറിലെത്തി. ഇപ്പോൾ താമസിക്കുന്ന ദൂരെയുള്ള സിറ്റിയിൽ നിന്നാണു വരുന്നത്. രോഗിണിയും അവശയുമായ അവർ ഡ്രൈവറെയും കൂട്ടിയാണ് എത്തിയത്. പലതരം പൂക്കളുടെ ഒരു കെട്ടുണ്ട് കൈയിൽ.

ആ പള്ളിയിലെ പ്രധാന ക്ലാർക്കിനു കുറച്ചുകാലമായി ആ വൃദ്ധ മാസംതോറും ഒരു നിശ്ചിത സംഖ്യ അയച്ചുകൊടുക്കുന്നുണ്ട്. അതുപയോഗിച്ചു തന്റെ മകന്റെ ശവകുടീരത്തിൽ എന്നും പൂക്കൾ അർപ്പിക്കാനാണു നിർദേശം. ക്ലാർക്കിനെ കാണണമെന്ന ആവശ്യവുമായി വൃദ്ധ ഡ്രൈവറെ പറഞ്ഞയച്ചു.

"മിസ്സിസ് എമിലി മാഡം വന്നിട്ടുണ്ട്. അവർ കാറിലിരിക്കയാണ്. രോഗംമൂലം നടക്കാൻ ബുദ്ധിമുട്ടുണ്ട്. നിങ്ങളെ കാണണമെന്നുണ്ട്."

ക്ലാർക്ക് വേഗം കാറിനടുത്തേക്കു വന്നു. വൃദ്ധ വളരെ ഗൗരവഭാവത്തിലാണിരിക്കുന്നത്. മുഖം തെല്ലും പ്രസന്നമല്ല. ക്ലാർക്കിനെ കണ്ടയുടനെ പറഞ്ഞു: "ഞാൻ അകലെനിന്ന് ഇങ്ങനെ വരുമെന്നു വിചാരിച്ചില്ല അല്ലേ? ഞാൻ മാസം തോറും പണമയച്ചിരുന്നു."

''പൂക്കൾക്കു വേണ്ടി'' ക്ലാർക്കു പറഞ്ഞു.

"അതേ. എന്റെ മകന്റെ കല്ലറയിൽ അർപ്പിക്കാൻ."

"ഞാൻ വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്."

"നിങ്ങൾ കള്ളം പറയുന്നു. ശവകുടീരത്തിൽ ഒറ്റപ്പൂക്കളും കണ്ടില്ല. " രൂക്ഷമായിരുന്നു ആ മുഖം. ക്ലാർക്കിന്റെ മുഖം മങ്ങി.

"എന്റെ ഇപ്പോഴത്തെ അവസ്ഥ എങ്ങനെയാണെന്നറിയാമോ? രോഗം മൂലം അവശയായ എന്നെ പരിശോധിച്ചിട്ടു ഡോക്ടർ പറഞ്ഞത്, എനിക്ക് ആയുസ്സ് അധികമില്ല, കൂടിയാൽ രണ്ടോ മൂന്നോ മാസം എന്ന്. എന്റെ ഒരു വരവ് ഇനിയുണ്ടാവില്ല. അവസാനമായി നേരിട്ടുവന്ന മോന്റെ ശവകുടീരത്തിൽ... അതിനാണ് ഞാനീ



പൂക്കളുമായെത്തിയത്."

(നിമിഷനേരത്തെ മൗനത്തിനു ശേഷം തുടർന്നു.)

"നിങ്ങൾ സത്യസന്ധനും വിശ്വസ്തനുമാണെന്നാണ് ഞാൻ ധരിച്ചത്."

ക്ലാർക്കു നേരിയ കുറ്റബോധത്തോടെ പറഞ്ഞു:

"മാഡം പറയുന്നതു ശരിയാണ്..."

"കണ്ട സത്യം!"

ക്ലാർക്കു ശാന്തസ്വരത്തിൽ പറഞ്ഞു: "ഞാൻ പറയുന്നതു സാവകാശം ഒന്നു കേൾക്കാമോ? പൂക്കൾ ശവകുടീരത്തിൽ വയ്ക്കുന്നത് എന്തിനാണ് മാഡം?"

"മകന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാൻ."

''അതിനു മനസ്സുരുകി പ്രാർഥിച്ചാൽ പോരെ? ഈ പൂക്കൾ വയ്ക്കുന്നതു മകൻ കാണുന്നില്ല. ഇതിന്റെ ഭംഗിയും പരിമളവും മകൻ ആസ്വദിക്കുന്നില്ല. മണിക്കൂറുകൾക്കകം അവ വെയിലേറ്റു വാടിക്കരിയുന്നു. അതുകൊണ്ട് ഇതൊരു പാഴ്‌വേലയായി എനിക്കു തോന്നി."

"നിങ്ങൾ ഈ പറയുന്നതെന്താണെന്നു ചിന്തിക്കുന്നുണ്ടോ?" മാഡത്തിന്റെ പരുഷസ്വരം.

"മാഡം ദേഷ്യപ്പെടരുത്. പൂക്കൾ കാണുമ്പോൾ സന്തോഷിക്കുകയും കിട്ടിക്കഴിയുമ്പോൾ വാസനിച്ചു നോക്കുകയും ചെയ്യുന്ന പലരുമുണ്ട്. മനസ്സിന് കുളിർമ്മ തരുന്ന ഒരു കാഴ്ചയാണത്. ആസ്പത്രിയിലെ കുട്ടികളുടെ വാർഡുകളിൽ, മന്ദബുദ്ധികൾ താമസിക്കുന്ന കേന്ദ്രത്തിൽ ഞാൻ പതിവായി സന്ദർശനം നടത്തും. അവർക്കു പുതിയ പൂക്കൾ സമ്മാനിക്കും. ഈ നേരത്ത് അവരുടെ കണ്ണുകളിലെ തിളക്കം കാണണം. അതുപോലെ കിടക്കുന്ന അവശരായ ചില രോഗികൾക്കും കൊടുക്കും. ആ നേരത്ത് അവർക്ക് എന്തുമാത്രം സന്തോഷവും ഉണർവുമാണ്. ശവകുടീരത്തിൽ പൂക്കൾ അർപ്പിച്ചാൽ ഇതു കിട്ടുമോ? ഞാൻ സമയം കണ്ടെത്തി, പൂക്കൾ വാങ്ങി നിത്യവും വിതരണം ചെയ്യുന്നു. ഈ സേവനം ഈ സൽകർമം. അതു മാഡത്തിന്റെ മകനു വേണ്ടിയാണ്. മറുലോകത്തിരുന്ന് ആ മകൻ ഇതു കാണും. അതല്ലേ മാഡം മകനുവേണ്ടിയുള്ള ഏറ്റവും നല്ല പ്രാർഥന."

ഇത്രയും കേട്ടതോടെ മിസ്സിസ് എമിലിയുടെ മനസ്സ് ആർദ്രമായി. ക്ലാർക്കിനെ കുറ്റപ്പെടുത്തിയതിൽ ഖേദം തോന്നി. പരിഭവം തീർന്ന മനസ്സോടെ ക്ലാർക്കിനോടു സോറി പറഞ്ഞ്, കൊണ്ടുവന്ന പൂക്കൾ മകന്റെ ശവകുടീരത്തിൽ അർപ്പിച്ച് അവർ തിരിച്ചുപോയി.

ഏതാനും മാസങ്ങൾക്കു ശേഷം മിസ്സിസ് എമിലി വീണ്ടും വന്നതു കണ്ടപ്പോൾ ക്ലാർക്കിന് വല്ലാത്ത അതിശയം. അന്നു രോഗിണിയും അവശയുമായി വന്ന മാഡം ഇപ്പോൾ രോഗവിമുക്തയായി, പൂർണ ആരോഗ്യവതിയായി തുടുത്ത കവിളും നിറഞ്ഞ പുഞ്ചിരിയും തികഞ്ഞ പ്രസരിപ്പുമായി എത്തിയിരിക്കുന്നു. മറ്റൊന്നു കൂടി ശ്രദ്ധിച്ചപ്പോൾ ക്ലാർക്കിന്റെ വിസ്മയം ഇരട്ടിച്ചു. ഇത്തവണ മാഡം ഡ്രൈവറെ കൂടാതെ സ്വയം കാറോടിച്ചാണ് എത്തിയിരിക്കുന്നത്. അദ്ഭുതകരമായ ഈ മാറ്റം എങ്ങനെ എന്നു ചോദിക്കുമ്പോഴേക്കും മാഡം ക്ലാർക്കിനോടു പറഞ്ഞുതുടങ്ങി:

"നിങ്ങൾ ചെയ്തതുപോലെ തന്നെ ഞാൻ നിത്യവും പൂക്കൾ വാങ്ങി അവിടെയുള്ള കുട്ടികളുടെ ആസ്പത്രിയിലും മറ്റിടങ്ങളിലും ചെന്നു വിതരണം ചെയ്യുന്നു. അത് അവർക്ക് ഓരോരുത്തർക്കും നിറയെ സന്തോഷം നൽകുന്നു. അതിലേറെ സന്തോഷം എനിക്കു ലഭിക്കുന്നു. അവരുടെ ആനന്ദവും ചിരിയും സംതൃപ്തിയും സ്നേഹവും എന്നിൽ ഒരു പ്രത്യേകതരം ഊർജ്ജവും ശക്തിയും പകർന്നു. അത് എന്റെ ശരീരത്തിൽ ഒരു തരം ഔഷധവീര്യം കുത്തിവച്ചു. ക്രമേണ എന്റെ രോഗം കുറഞ്ഞുകുറഞ്ഞു വന്നു. പൂക്കളെക്കുറിച്ച് അന്നു നിങ്ങൾ പറഞ്ഞതാണു ശരി. അതിന്റെ പൊരുൾ ഇപ്പോഴാണ് ഞാൻ അനുഭവിക്കുന്നത്.

"പ്രത്യേകമായ ചികിത്സയൊന്നുമില്ലാതെ ഈ രോഗശാന്തി എങ്ങനെ നേടി എന്ന് എന്റെ ഡോക്ടർമാർ ആശ്ചര്യപ്പെടുകയാണ്. പക്ഷേ, എനിക്ക് ആശ്ചര്യമില്ല. അതിന്റെ രഹസ്യം എനിക്കും ദൈവത്തിനുമറിയാം. അതിലേക്ക് എന്നെ നയിച്ചത് നിങ്ങളാണ്. പ്രത്യേകം നന്ദി!"

മറ്റുള്ളവർക്കു നന്മ ചെയ്യുമ്പോൾ, സ്നേഹം പങ്കുവയ്ക്കുമ്പോൾ, അവർക്കു സന്തോഷം പകരുമ്പോൾ അതിന്റെ ഇരട്ടി നന്മയും സ്നേഹവും സന്തോഷവും നമ്മളിലും വർഷിക്കപ്പെടുന്നു. ■

---

**ശ്രേഷ്ഠമലയാളം**



**ഡോ. ഡേവിസ് സേവ്യർ**

# ശബ്ദതാരാവലി

ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള (1864–1946) യുടെ ശബ്ദതാരാവലിയാണ് മലയാളത്തിലെ ഏറ്റവും പ്രസിദ്ധമായ ഏകഭാഷാനിഘണ്ടു. ഇരുപത്താറോളം വർഷം ശ്രീകണ്ഠേശ്വരം നടത്തിയ പ്രയത്നത്തിന്റെ ഫലമത്രേ ശബ്ദതാരാവലി. 1923 ൽ ഒന്നാം പതിപ്പു പുറത്തിറങ്ങി. ആദ്യത്തെ മൂന്നു പതിപ്പുകൾ ഗ്രന്ഥകാരനും അദ്ദേഹത്തിന്റെ മരണശേഷം പുറത്തിറങ്ങിയ പതിപ്പുകൾ മകനായ പി. ദാമോദരൻനായരുമാണ് പരിഷ്കരിച്ചത്. തുടർന്ന് സാഹിത്യപ്രവർത്തകസഹകരണസംഘവും; ഇപ്പോൾ ഡി.സി. ബുക്സും ശബ്ദതാരാവലി പരിഷ്കാരങ്ങളോടെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.

ശബ്ദതാരാവലി എന്ന സമസ്തപദത്തെ ശബ്ദ + താര + ആവലി എന്നു പിരിച്ചെഴുതാം. ശബ്ദങ്ങളാകുന്ന നക്ഷത്രങ്ങളുടെ കൂട്ടം എന്നു ശബ്ദാർഥം. മലയാളികളുടെ മലയാളം എന്ന നിലയിലാണ് ശബ്ദതാരാവലിയുടെ ഖ്യാതി. ശബ്ദതാരാവലിയുടെ രണ്ടാം പതിപ്പിനെഴുതിയ മുഖവുരയിൽ ഗ്രന്ഥകാരൻ കുറിക്കുന്നു: "സുഖം എന്ന പദത്തിന്റെ അർഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികിലും പരമാർഥത്തിൽ അത് എങ്ങനെയിരിക്കുമെന്ന് ഞാനിതുവരെ അറിഞ്ഞിട്ടുള്ളവനല്ല."* സുഖം എങ്ങനെയിരിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ ഇങ്ങനെയൊരു നിഘണ്ടു ഉണ്ടാകുമായിരുന്നില്ല എന്നാണല്ലോ ആ പ്രസ്താവത്തിന്റെ പൊരുൾ.

അന്നു ലഭ്യമായ എല്ലാ കൃതികളും പരിശോധിച്ചാണ് നിഘണ്ടു തയ്യാറാക്കിയിരിക്കുന്നതെന്ന് ആ ഗ്രന്ഥംതന്നെ സാക്ഷ്യപ്പെടുത്തുന്നു. പ്രാചീനകൃതികൾ മുതൽ സമകാലികരചനകൾ വരെയുള്ളവയിൽനിന്നുള്ള ഉദ്ധരണികൾ ഗ്രന്ഥത്തിലുടനീളം കാണാം. ഒരു പുരാണനിഘണ്ടുവിന്റെയും ഔഷധനിഘണ്ടുവിന്റെയും ജ്യോതിഷനിഘണ്ടുവിന്റെയും ധർമങ്ങൾ ശബ്ദതാരാവലി നിർവഹിക്കുന്നുണ്ട്.

പദം, അർഥം, ശബ്ദസൂചന, പര്യായം, വിപരീതം, നിഷ്പത്തി, വിഭജനം തുടങ്ങി പല കാര്യങ്ങളും ഓരോ ലേഖകത്തിലും അടങ്ങിയിരിക്കുന്നു. പ്രൊഫ. എസ്. ഗുപ്തൻനായർ ശബ്ദതാരാവലിയുടെ മേന്മ രേഖപ്പെടുത്തുന്നു: "അസാമാന്യമായ പ്രയത്നത്തിന്റെയും അപ്രതിമമായ വിജ്ഞാനത്തിന്റെയും സന്താനമാണ് ശബ്ദതാരാവലി. ഏതു നിഘണ്ടുവിലും ചുരുക്കം ചില തെറ്റുകൾ കണ്ടേക്കും. അതിലപ്പുറമൊന്നും ശബ്ദതാരാവലിയിലില്ല... യഥാർഥത്തിൽ ഭക്തിപൂർവം പകുത്തു നോക്കേണ്ട മഹാഗ്രന്ഥമാണ് ശബ്ദതാരാവലി."**

* പദ്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, എൻ.ബി.എസ്, കോട്ടയം, 1986, പുറം – 9.

** ഗുപ്തൻനായർ, എസ്., പ്രൊഫ. വാഗർഥവിചാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2003, പുറം – 56,57.

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

**2023 ഡിസംബർ 1 വെള്ളി മുതൽ 8 വെള്ളി വരെ**

ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!

## പി. ഡി. ജോർജ് & സൺസ്

പൂവേലിൽ

കവീക്കുന്ന് – പാലാ

PHONE: 9447037247

തിരുനാൾ ആശംസകൾ!

ഭക്തജനങ്ങൾക്കു സ്വാഗതം

## ഹോട്ടൽ കോമളം

കോമളം ബിൽഡിംഗ്സ്, എസ്.ബി.ഐ. ടൗൺ ബ്രാഞ്ചിന് എതിർവശം

മെയിൻ റോഡ്, പാലാ

PHONE: 94465 61176, 94477 76481

പാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നതാണ്

## Sandhya BAKERS

Municipal Complex Building, PALA
Mob: 94472 12331
Vadakkel Building BHARANANGANAM
Mob: 94472 10221
Pulickakkandam Buildings
P.P.Road MURIKKUMPUZHA
Mob: 8281212331 www.sandhyabakers.com

## Sandhya CATERERS

NEAR K.S.R.T.C. PALA
Mob: 94952 10331
NEAR PVT. BUS STAND THODUPUZA
PH: 04862 227222
www.sandhyacaterers.com

തിരുനാൾ ആശംസകൾ!

## J.J. STEELS

Erattupetta Road, Pala
Tel. Off.: 04822-212994, 212574, 212674
Res: 04822-212495, 212295

ദശാബ്ദങ്ങളിലൂടെ ആർജിച്ച വളർച്ചയും വിശ്വസ്തതയും



## മണീസ് ടെയ്‌ലേഴ്സ്

ന്യൂ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്

റിവർവ്യൂ റോഡ്, പാലാ Phone: 9447145789

എല്ലാവിധ ജെന്റ്സ് വർക്കുകൾക്കും സമീപിക്കുക...

Prop: പി.ജി. മണി, പാലാ

## MATHA STONE WORKS

Near K.S.R.T.C. Bus Stand, PALA
PH: 04822 216365, 04822 215409, 9387115585
Email: mathastone@gmail.com

Tomb works and other Stone works

ജൂബിലിത്തിരുനാൾ ആശംസകൾ



## ജോൺസൺ ഡ്രൈക്ലീനേഴ്സ്

SINCE 1954

വിശ്വാസ്യതയുടെ 69 വർഷങ്ങൾ

ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്

മെയിൻ റോഡ്, പാലാ PH: 04822 - 212353
പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753
മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753

നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടെ വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

ജൂബിലിത്തിരുനാൾ ആശംസകൾ

## G.K. കൺസൾട്ടൻസി

മൂഴയിൽ ബിൽഡിംഗ്, സെന്റ് തോമസ് ഹൈസ്കൂളിനു സമീപം

മെയിൻ റോഡ്, പാലാ. Mob : 9645441406

ലഭ്യമായ സേവനങ്ങൾ:–

- സെക്യൂരിറ്റി • ഹോം നേഴ്സ് • വീട്ടുജോലി • ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ
- വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ചുള്ള എല്ലാ ജോലികളും കേരളത്തിനകത്തും പുറത്തും ലഭ്യമാക്കുന്നു

Deepanalam Weekly
RNI No : 16998/68
Vol. 56 No. 39 Date of Publication 30 Nov 2023
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


## പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
**2023 ഡിസംബർ 1 വെള്ളി മുതൽ 8 വെള്ളി വരെ**

തിരുനാൾ ആശംസകൾ

Fathima EYE CARE GROUP

# ഫാത്തിമ ഐ ഹോസ്പിറ്റൽ

പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്,
**പാലാ 7025927280**

ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി

ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി,
കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റി വിഭാഗം

**കുത്തിവയ്പ്പില്ലാതെ തിമിരത്തെ വെറും 10 മിനിറ്റുകൊണ്ട് സുഖപ്പെടുത്തുന്നു**



**രോഗികൾ പതിവായി കഴിക്കുന്ന ഒരു മരുന്നും നിർത്തേണ്ടതില്ല**

തിമിരശസ്ത്രക്രിയയ്ക്ക് ആരോഗ്യഇൻഷുറൻസ് പദ്ധതി
KASP & MEDISEP പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്

പ്രവർത്തനസമയം : 9.00 am to 6.00 pm

N.B. എല്ലാ മാസത്തിലെയും ആദ്യഞായറാഴ്ച സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയയും ഉണ്ടായിരിക്കുന്നതാണ്.

അന്വേഷണങ്ങൾക്ക് PH : 8086444678, 9645441406

തിരുനാൾ ആശംസകൾ

DA Darsana Academy

# ദർശന അക്കാഡമി

C.M.I. ഫാദേഴ്സ് നടത്തുന്നത്

**ഇഷ്ടത്തോടെ പഠിക്കാം
ഇഷ്ടപ്പെട്ട നാട്ടിലേക്കു പോകാൻ
മികച്ച ബാൻഡ് സ്കോർ നേടാം**



**ഞങ്ങൾ ഇപ്പോൾ
പാലായിലും കോട്ടയത്തും ഉണ്ട്**

IELTS, OET, UKVI, GERMAN
Spoken English
Online & Offline

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക.
പാലാ: 8281771769, കോട്ടയം : 8281771766

തിരുനാൾ ആശംസകൾ



**B.A. - All subjects**
**B.Com- Finance and Taxation**
**Co-Operation**
**M.A. - Malayalam, History**

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

**അഡ്മിഷൻ തുടരുന്നു**

# +2 SCIENCE COMMERCE HUMANITIES

**6 മാസംകൊണ്ട് +2, 10**

**നാഷണൽ ഓപ്പൺ സ്കൂൾ (NIOS)**

➤ +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും ➤ 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം ➤ എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട് ➤ തുടർന്നും പഠിക്കാം ➤ ലളിതമായ സിലബസ് ➤ 5 വിഷയങ്ങൾ പഠിച്ചാൽ മതി ➤ 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

**റെക്കോർഡ് ഓൺലൈൻ വീഡിയോ ക്ലാസുകൾ**

34 വർഷമായി വിവിധ കോഴ്സുകളിലായി പതിനായിരക്കണക്കിനു വിദ്യാർഥികളെ വിജയിപ്പിച്ച് കോട്ടയം ജില്ലയിൽ റിക്കോർഡ് സ്ഥാപിച്ച സ്ഥാപനം. വിദ്യാർഥികളുടെ എണ്ണത്തിലും വിജയത്തിലും ഒന്നാമത്.

Regular, Holiday, Postal & Online Classes

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.,
അരുണാപുരം പി. ഒ. പാലാ

Govt.V.H.S.S. ന് സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

**+ 2 പരാജിതർക്ക്
3 വിഷയം മാത്രം**

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org